# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

NOVEMBER - DECEMBER 2023 No. 6 | 23



For Private Circulation Only

**CHRAISTHAVA VANITHA**

*For Private Circulation Only*

Founder Editor
**Annamma Charles John**
(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**

**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**

**Cover Photo by Mr. Anil Kumar, Vattappara**

## ഉള്ളടക്കം

- പൌലൊസിന്റെ സഹപ്രവർത്തകരായിരുന്ന........................1
- ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ അടിസ്ഥാനം ഇടുക............3
- വിട്ടയയ്ക്കപ്പെട്ട ശത്രുക്കൾ..........................................7
- അനുസരണക്കേടിന്റെ പരിണത ഫലങ്ങൾ..........................8
- പ്രയാണം ചെയ്യുന്നവർ.............................................11
- നിന്റെ മകനെ ഇങ്ങു തരിക.......................................14
- ദൈവിക ന്യായവിധി..............................................17
- എളിയ സഹോദരൻ തന്റെ ഉയർച്ചയിലും..........................19
- രൂത്തിന്റെ പുസ്തകം – ലഘുപഠനം.............................22
- പ്രശ്നങ്ങൾക്കുള്ള പരിഹാരം എവിടെ?..........................26
- വിവേകവതിയായ മാതാവ്.........................................30
- ശിഷ്യത്വം മറന്ന ക്രൈസ്തവർ...................................34
- Quest 92................................................ cover iv

ആമുഖം

# പൌലൊസിന്റെ സഹപ്രവർത്ത കരായിരുന്ന മിഷനറി ദമ്പതിമാർ

അകിലാവും, ഭാര്യ പ്രിസ്കില്ലയും ഇറ്റലിക്കാരായിരുന്നു. എന്നാൽ യെഹൂദന്മാരെല്ലാം റോമാ നഗരം വിട്ടു പോകണമെന്നുള്ള രാജകല്പനയനുസരിച്ച് ഇവർ കൊരിന്തിൽ വന്ന് പാർപ്പാൻ നിർബ്ബന്ധിതരായി (അപ്പൊ. പ്ര.18:1–2). പൌലൊസ് സുവിശേഷ യാത്രയിൽ കൊരിന്തിൽ എത്തിയപ്പോൾ ഈ ദമ്പതികളോടൊത്ത് കൂടാരപ്പണി ചെയ്തു ശബ്ബത്തുതോറും യെഹൂദന്മാരോടും, യവനന്മാരോടും സുവിശേഷമറിയിച്ചും ഒരാണ്ടും ആറുമാസവും പ്രവർത്തിച്ചു. റോമാ സാമ്രാജ്യത്തിലെ മായച്ചന്തയായിരുന്ന കൊരിന്തു പട്ടണത്തിൽ സകല ദുർമ്മാർഗ്ഗവും നടമാടിയിരുന്നു. മതപരമായ ആരാധനകൾപോലും അനീതിയും, അശുദ്ധിയും നിറഞ്ഞതായിരുന്നു. ഗ്രീക്ക് തത്ത്വജ്ഞാനത്തിന്റെ വിവിധ ശാഖകളും അവിടെയുണ്ടായിരുന്നു. ഇങ്ങനെയുള്ള ഒരു സ്ഥലത്ത് ഒരു സഭ സ്ഥാപിതമായി, അകിലാവ്-പ്രിസ്കില്ല ദമ്പതികൾ പൌലൊസിനൊടൊപ്പം പോരാടിയവരാണ്.

അനന്തരം ഈ ദമ്പതികൾ പൌലൊസും ഒന്നിച്ച് എഫെസോസിലേക്ക് പോയി. എഫെസൊസ് പട്ടണം ക്ഷുദ്രക്കാരുടെയും, വിഗ്രഹാരാധകരുടെയും ആസ്ഥാനമായിരുന്നു. അപ്പൊസ്തലൻ അവിടെ നിന്നും യെരുശലേമിലേക്കു പോയി. ചില നാളുകൾക്കു ശേഷം, അലക്സാന്ത്രിയക്കാരനായ അപ്പൊല്ലോസ് എന്ന യെഹൂദൻ എഫെസോസിലെത്തി, വാഗ്വൈഭവത്തോടും, സാമർത്ഥ്യത്തോടും പള്ളിയിൽ ഉപദേശിച്ചു പോന്നു. എന്നാൽ തിരുവെഴുത്തിൽ വലിയ ജ്ഞാനമില്ലാതിരുന്ന അയാളെ അകിലാവും ഭാര്യയും അവരുടെ ഭവനത്തിൽ ചേർത്തുകൊണ്ട് ദൈവത്തിന്റെ മാർഗ്ഗം സ്പഷ്ടമായി തെളിയിച്ചു കൊടുത്തു എന്ന് അപ്പൊ. പ്രവൃ.18:26–ൽ വായിക്കുന്നു. മാത്രമല്ല തത്ഫലമായി പില്ക്കാലത്ത് അപ്പൊല്ലോസ് വിശ്വാസികൾക്കും കർത്തൃ ശുശ്രൂഷയ്ക്കും വളരെ പ്രയോജനമുള്ളവനായിത്തീരുകയുണ്ടായി (1 കൊരി. 3:4).

റോമ 16–ാം അദ്ധ്യായം അകിലാവിനെയും ഭാര്യ പ്രിസ്കില്ലയെയും അപ്പൊസ്തലനായ പൌലൊസും തന്റെ കൂട്ടു വേലക്കാരായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ അപ്പൊസ്തലന്റെ “പ്രാണനുവേണ്ടി തങ്ങളുടെ കഴുത്ത് വെച്ചു കൊടുത്തവരാകുന്നു”, എന്നും എഴുതിയിരിക്കുന്നതിനാൽ, അവർ കർത്താവിനുവേണ്ടി എത്രമാത്രം അദ്ധ്വാനിച്ചു എന്നു മനസ്സിലാക്കാൻ കഴിയും. ആ സംഭവത്തിന്റെ വിവരണം അജ്ഞാതം. 1 കൊരി. 16:19–ൽ ഈ ദമ്പതികളുടെ ഭവനത്തിൽ ഒരു

സഭയുണ്ടായിരുന്നതായി കാണുന്നു. മതപീഡയുടെയും, മർദ്ദനം, കൊല എന്നിവയുടെയും മധ്യേ തങ്ങളുടെ ഭവനം തന്നെ കർത്താവിനായി തുറക്കപ്പെട്ടു എന്നത് എത്രയോ സ്തുത്യർഹമാണ്!

2 തിമൊ. 4:19 ലാണ് ഇവരെ അവസാനമായി കാണുന്നത്. എ.ഡി. 66 നോടടുത്ത് അവർ എഫെസോസിലായിരുന്നു. ഇരുവരേയും ഒരുമിച്ച് ഒരേ ദിവസം ശിരഃച്ഛേദം ചെയ്തതായിട്ടാണ് പാരമ്പര്യം. ചില സമുദായങ്ങൾ ജൂലൈ 8 ഇവരുടെ ചരമദിനമായി ആചരിക്കുന്നു.

ഈ ദമ്പതികളുടെ ചരിത്രം എത്രയോ ഉത്കൃഷ്ടമാകുന്നു – ഭാര്യ, ഭർത്താക്കന്മാർ ഇരുവരും ഏകമനസ്സോടും, കർത്താവിലുള്ള അടിയുറച്ച വിശ്വാസത്തോടും തങ്ങളുടെ ജീവനെ കർത്തൃപാദങ്ങളിൽ സമർപ്പിച്ച്, അവന്റെ നാമത്തിന് സാക്ഷ്യം വഹിച്ച് അന്ത്യത്തോളം വിശ്വസ്തരായിരുന്നു എന്നുള്ളത് വിശ്വാസികളായ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട വസ്തുതയാണ്. കർത്താവിനുവേണ്ടി അനേക കഷ്ടനഷ്ടങ്ങളും അനുഭവിച്ച് കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം എല്ലാം ചേതം എന്നെണ്ണിയ ഈ ദമ്പതികൾ കർത്താവിനുവേണ്ടി എരിഞ്ഞടങ്ങിയ രണ്ടു ദീപശിഖകണക്കെ നമ്മെ ആഹ്വാനം ചെയ്യുന്നു. കർത്താവിനുവേണ്ടിയും, നമ്മുടെ വിശ്വാസത്തിനുവേണ്ടിയും നമ്മെ ദൈവമുമ്പാകെ സമർപ്പിക്കാൻ നമുക്ക് ഇടയാകട്ടെ.

**മേരി അഞ്ചൻ, തുംകൂർ**

---

## Quest 91-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
7. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി, കൊച്ചി
8. ജോളി ഷാജി, കരുവാറ്റ, അടൂർ
9. ലൈസ സാമുവേൽ, മുംബൈ
10. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
12. ബ്ലെസി കെ. ശാമൂവേൽ, ഓമല്ലൂർ, പത്തനംതിട്ട
13. സൂസൻ തോമസ്സ്, പട്ടം, തിരുവനന്തപുരം
14. ലിസി ജേക്കബ്, പാലമറ്റം, മല്ലപ്പള്ളി.
15. ഏഞ്ചൽ എഡ്വിൻ, കാട്ടാക്കട
16. ഗിൽഡ ജോൺ, മൈലക്കര, കാട്ടാക്കട

**ക്വെസ്റ്റ് 91-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ അടിസ്ഥാനം ഇടുക

മതപീഡ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രത്യേകതയാണോ? അപ്പൊസ്തല പ്രവൃത്തികളിൽ നാമെന്താണു വായിക്കുന്നത്? ക്രിസ്തീയസഭയുടെ ജനനവും വളർച്ചയും അതിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. പത്രൊസിന്റെയും പൗലൊസിന്റെയും പ്രവർത്തനങ്ങളുടെ വിശദവിവരണമാണ് അതിലെ ഉള്ളടക്കം. പൗലൊസ് ക്രിസ്ത്യാനികളെ കൊന്നുമുടിക്കുവാൻ മഹാപുരോഹിതനോടു അധികാര പത്രവും വാങ്ങി പുറപ്പെട്ടവൻ അല്ലയോ? അവർ ഇരുവരും കർത്താവിനാൽ പിടിക്കപ്പെട്ട് കർത്താവിന്റെ വചനം അതേപടി അനുഷ്ഠിച്ചവർ അത്രേ. ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രബിന്ദു ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുകയും പിതാവിന്റെ വലതുഭാഗത്ത് വിശ്വാസിക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഒരു വക്കീലും ജാമ്യക്കാരനും ആണ്. മതേതരരാജ്യമായ ഇൻഡ്യയിൽ ക്രിസ്ത്യാനിക്കു വിലക്കു കല്പിച്ചിരിക്കുന്നെങ്കിൽ അതിൽ എന്തിനാണു നാം അത്ഭുതപ്പെടുന്നത്? ആദിമനൂറ്റാണ്ടിലെ ക്രിസ്ത്യാനികളെയും ഇതിലധികം ചെയ്തില്ലയോ? ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രത്യേകതയോ മതത്തിന്റെ പേരിലുള്ള ഉപദ്രവം? കർത്താവിനെയും കർത്താവിനോടുകൂടെ നടന്നവരെയും പകച്ച ലോകം നമ്മെ പകയ്ക്കുന്നതിൽ എന്തിനതിശയം? ഇസ്രായേലിലെ പരമോന്നത കോടതിയാണ് സന്നദ്രിം സംഘം. അവരുടെ മുമ്പിലാണ് പത്രൊസ് പ്രസംഗിച്ചത്. ആ കോടതിമുമ്പാകെയാണ് സ്തേഫാനൊസും പൗലൊസുമൊക്കെ വിസ്തരിക്കപ്പെട്ടതും.

വേദപുസ്തകം ഇല്ലായ്മ ചെയ്യുവാൻ ജനകോടികൾ കിണഞ്ഞു പരിശ്രമിക്കുംതോറും അതിന്റെ വ്യാപ്തി ലോകമെങ്ങും ക്രമാതീതമായി വർദ്ധിച്ചിട്ടില്ലേ? ഏതെങ്കിലും ഹൈന്ദവമതഗ്രന്ഥത്തെ നശിപ്പിക്കുന്നതിനോ ഹിന്ദുക്കളെ ഉപദ്രവിക്കുന്നതിനോ ക്രിസ്ത്യാനികൾ മുതിരുന്നുണ്ടോ? വിവിധ മതങ്ങൾക്കും അവയെ പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുള്ള രാജ്യമാണിത്. എന്നിട്ടും മതത്തിന്റെ പേരിൽ ന്യൂനപക്ഷത്തോടു അനീതി കാണിക്കുന്നു; അകാരണമായി പീഡിപ്പിക്കുന്നു. ആദിമനൂറ്റാണ്ടിൽ മതേതരത്ത്വം ഇല്ലായിരുന്നുവെന്നു ഞാൻ കരുതുന്നു. എനിക്കതിനെപ്പറ്റി വലിയ അറിവില്ല. ക്രിസ്ത്യാനിക്കു നീതി നിഷേധിക്കുന്നത് ഒരു രാജ്യത്തിനും ചേർന്നതല്ല. അപ്പൊസ്തലപ്രവൃത്തികൾ 17-ാം

അദ്ധ്യായത്തിൽ പൗലൊസിനെയും ശീലാസിനെയും കാരാഗൃഹത്തിൽ അടച്ചതിന്റെ പരിണതഫലം ചിന്തിക്കുക. കാരാഗൃഹപ്രമാണിയുടെയും കുടുംബത്തിന്റെയും  ആത്മരക്ഷ ദൈവത്തിനു പ്രധാനമായിരുന്നു. കർത്താവിന്റെ ശിഷ്യന്മാർ ഒഴികെയുള്ള ആദിമവിശ്വാസികൾ പീഡമൂലം ചിതറിപ്പോയതായി അപ്പൊ. പ്രവൃത്തികൾ 8:1-4 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. വിവിധസ്ഥലങ്ങളിലെത്തിയവർ വെറുതെയിരുന്നില്ല. "നിന്നുടെ കോപം എന്നുടെ ഭാഗ്യമായിത്തീർന്നു". അവിടെയെല്ലാം സുവിശേഷം പ്രസ്താവിക്കയും അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു. അനേകർ രക്ഷിക്കപ്പെട്ടു. കർത്താവിന്റെ ശിഷ്യന്മാർ രോഗശാന്തി വരുത്തുവാൻ പ്രാപ്തരായിരുന്നു. പാപശാന്തി പ്രസംഗിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും അവർക്കു വരം കൊടുത്തിരുന്നു. നാമും വിശ്വാസത്തോടെ പ്രാർത്ഥിക്കുക. ദൈവം ഇന്നും സൗഖ്യമാക്കുന്ന ദൈവം തന്നെ, വിശ്വാസത്തോടെ അവരവർ പ്രാർത്ഥിച്ചാൽ മതിയാകും.

ഒരു പട്ടണത്തിൽ നിങ്ങൾ ചെന്നാൽ അവിടെ നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ കാലിലെ പൊടി തട്ടിക്കളഞ്ഞ് അവിടെനിന്നും വേറൊരു പട്ടണത്തിൽ പോകുക. ഇസ്രായേൽ ഗൃഹം മുഴുവൻ നിങ്ങൾ സഞ്ചരിച്ചു തീരുകയില്ല എന്നു യേശുക്രിസ്തു ശിഷ്യന്മാരോടു പറയുന്നു. നമുക്കും അതു ചെയ്യരുതോ? ഇന്ന് വരമുണ്ടെന്നു പറഞ്ഞ് അനേകർ പണം സമ്പാദിക്കുന്നു. സ്വന്തവീടിനെയും വീട്ടുകാരെയും സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഒട്ടു വരമില്ലതാനും. വേദപുസ്തകം എഴുതി അച്ചടിച്ച് കൈകളിൽ നല്കിയിട്ടുള്ള സ്ഥിതിക്ക് അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുക. അതാണു പ്രധാനം. അതിനോടു ഏച്ചുകെട്ടുവാനും സ്വന്ത അഭിപ്രായപ്രകാരം ജീവിക്കാനും അനുമതിയില്ല.

എതിർപ്പുകൾ ഉണ്ടാക്കുന്നവരെ കർത്താവു കൈകാര്യം ചെയ്തുകൊള്ളും അധികം ഉപദ്രവിക്കുന്നവർ നന്നായി സൂക്ഷിക്കണം. ആദിമനൂറ്റാണ്ടിലെ വിശ്വാസികളെ ഏതെല്ലാം രീതിയിൽ ഉപദ്രവിച്ചു? എണ്ണയിൽ പൊരിച്ചു; തലകീഴായി ക്രൂശിച്ചു; കല്ലെറിഞ്ഞു; നാടുകടത്തി. ഇതെല്ലാം നമ്മുടെ മുൻഗാമികൾ സഹിച്ചതല്ലേ? വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം സഹിപ്പാനുമായി വരം ലഭിച്ച വിശ്വാസി ലോകരുമായി പോരാടാൻ പാടില്ല. കഷ്ടത എന്ന വരത്തിനായി ആഗ്രഹിക്കുന്നുവോ? അതോ സുഖമായി ജീവിക്കണം, മനുഷ്യരാൽ മാനിക്കപ്പെടണം. പണം സമ്പാദിക്കണം ഈ വരങ്ങളാണോ കാംക്ഷിക്കുന്നത്? എത്രയും പണക്കാരൻ ആകണമെന്നുള്ള ചിന്തയാണ് പലർക്കും കർത്താവിന്റെ വേലയുടെ പിന്നിലുള്ള താത്പര്യം. കാണാതെ പോയ ആടുകളുടെ അടുക്കൽ ചെല്ലണം. ഞാൻ എന്റെ യേശുവിന്റെ

പക്ഷക്കാരിയാണ്. യേശു എനിക്കു തന്ന വരങ്ങൾ ഞാൻ ഉപയോഗിക്കുന്നു. കഷ്ടങ്ങളിൽ എന്റെ കർത്താവ് ഏറ്റവും അടുത്ത തുണയാണ്. ഒരു ഗവൺമെന്റിനും ദൈവത്തിനെതിരായി പ്രവർത്തിക്കുവാൻ സാധ്യമല്ല എന്നു ഞാൻ വിശ്വസിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നീതിമാനും നിരപരാധിയുമായ രാജാവിനോടു ചെയ്തത് ഓർക്കുക. ഇന്ന് ക്രിസ്ത്യാനികളുടെ നീതിക്കുവേണ്ടി വാദിക്കുന്നവർ അന്നുണ്ടായിരുന്നെങ്കിൽ അടിപിടി, കൊടിപിടി ഇതെല്ലാം അവർ ചെയ്യുമായിരുന്നു. ഇന്നു വേണ്ട കാര്യങ്ങൾക്കു കൊടിപിടിക്കാൻ ആളില്ല.

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട ദൈവം തുണയായി ഒരു സ്ത്രീയെയാണു കൊടുത്തത്. എന്നാൽ ഇന്നാകട്ടെ, പുരുഷനു പുരുഷനും സ്ത്രീക്കു സ്ത്രീയും മതി. സോദോം ഗൊമോറയെ നശിപ്പിച്ച ദൈവത്തിന്റെ ക്ഷമയെ പരിശോധിക്കയാണിന്ന്. മനുഷ്യനെക്കുറിച്ചുള്ള ദൈവികപദ്ധതി സ്ത്രീപുരുഷ ബന്ധമാണ്. മനുഷ്യോത്പത്തിയുടെ ആരംഭത്തിലെ അതായിരുന്നു ദൈവോദ്ദേശ്യം. 'പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു (സ്ത്രീ) പറ്റിച്ചേരും; അവർ ഏകദേഹമായി തീരും' (ഉത്പത്തി 2:24). ഇതിലുപരി എന്താണു നാം ആഗ്രഹിക്കുന്നത്? നാശത്തിന്റെ ആരംഭം തുടങ്ങിയിരിക്കുന്നു. കർത്താവ് എഴുന്നേല്ക്കാറായി. എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം അനീതി മാത്രമാണ്. ഇനിയും കർത്താവു മടങ്ങിവരാതെയും രാജ്യഭാരം ഏല്ക്കാതെയും നീതി ഉണ്ടാക്കുവാൻ നോക്കുന്ന വിശ്വാസികളായ നാമത്രേ മണ്ടന്മാർ. നീതിയുള്ള ഒരാൾ ഇവിടെയുണ്ടെങ്കിൽ അദ്ദേഹത്തെ വച്ചുപുലർത്തുകയില്ല; ആട്ടിപ്പായിക്കും. എന്നാൽ കർത്താവിന്റെ ഭരണകാലത്ത് അതാരും പ്രതീക്ഷിക്കേണ്ടാ. അനീതികൊണ്ട് ഇന്നു സത്യത്തെ തടുത്തിരിക്കുന്നു. പതിനായിരങ്ങൾ ഒത്തുശ്രമിച്ചാലും പരിഹരിക്കപ്പെടാത്ത അനീതി കൊടികുത്തിവാഴുന്നു. കർത്താവിന്റെ കോപം ജ്വലിപ്പിക്കുന്നതിനാൽ നാമാരും പ്രയാസപ്പെടേണ്ടതില്ല. ഒരു ചെറിയ തെറ്റുപോലും കർത്താവിന്റെ കോടതിയിൽ ശിക്ഷിക്കപ്പെടാതെ വിടുകയില്ല. എനിക്കും കിട്ടേണ്ടതു കിട്ടും.

വിശ്വാസവീരന്മാരുടെ ഒരു നീണ്ട പട്ടിക എബ്രായലേഖനം 11-ാം അദ്ധ്യായത്തിൽ കാണുന്നു. അവർ അനുഭവിച്ച കഷ്ടപ്പാടുകൾ ചിന്തിക്കുക. ഒന്നാം നൂറ്റാണ്ടിൽ യോഗ്യമല്ലാത്ത ലോകം എങ്ങനെ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ യോഗ്യമാകും? ആമേൻ, കർത്താവായ യേശുവേ, വേഗം വരേണമേയെന്നു വിശ്വാസികൾ പ്രാർത്ഥിക്കുക. അവിടത്തെ വരവിനെ ബദ്ധപ്പെടുത്തുക. ക്രിസ്തുവിന്റെ ന്യായാസനം ഉണ്ടെന്നു വിശ്വാസി വിശ്വസിച്ച് പ്രവർത്തിക്കുമെങ്കിൽ അതാണ് ക്രിസ്തീയ ജീവിതം.

വേദപുസ്തകവ്യവസ്ഥ അതേപടി പാലിക്കുക. ദൈവത്തെ ഭയപ്പെടുക. മനുഷ്യന്റെ സഹായം വ്യർത്ഥമത്രേ. നീതിമാനായ ദൈവത്തോടു യാചിക്കുക. ഒരു മനുഷ്യന്റെയും സഹായം വിശ്വാസി തേടരുത്. അതേ സമയം കർത്തവ്യങ്ങൾ നിറപടിയായി നിർവ്വഹിച്ചിരിക്കണം. വിശ്വാസിക്കു വേണ്ടി വാദിക്കുന്ന ഒരു നല്ല വക്കീൽ നമുക്കുണ്ട്. നമ്മുടെ പ്രശ്നങ്ങൾ ആ വക്കീലിനോടു പറയുക.

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു (സങ്കീ 118:8,9).

ആദിമനൂറ്റാണ്ടിലെ സ്ഥിതി വന്നാൽ വിശ്വാസികൾ തീർച്ചയായും അതിൽക്കൂടി കടന്നുപോകണം. നീതിമാനായ കർത്താവ് മൗനമായി ന്യായാസനത്തിൻമുമ്പാകെ നിന്നതാണ്. ഒരു കുറ്റവും കണ്ടെത്താൻ കഴിയാഞ്ഞതിനാൽ തന്നെത്താൻ രാജാവാക്കി എന്നു കുറ്റസംഗതിയും മുകളിൽ എഴുതിവച്ചു. 'യഹൂദന്മാരുടെ രാജാവ്', യഹൂദന്മാരുടെ രാജാവു ജനിച്ചിട്ടില്ലെന്നു വിശ്വസിച്ച് യേശുവിനെ ക്രൂശിച്ച തന്റെ സ്വന്തജനം ഇന്ന് യേശുക്രിസ്തുവിന്റെ പേരിൽ ടൂറിസം നടത്തി പണം ഉണ്ടാക്കുന്നു. ടൂറിസം വളർത്തുവാനും ആളുകളെ സംഘടിപ്പിക്കുവാനും ക്രിസ്തീയ ഏജന്റുമാർ ധാരാളം. യേശു ജനിച്ചിട്ടില്ലെന്നു അവകാശപ്പെടുന്നവർ ആ ജനിക്കാത്ത യേശുവിന്റെ പേരിൽ പണം സമ്പാദിക്കുന്നതിനെ വിശ്വാസികൾ പ്രോത്സാഹിപ്പിക്കുന്നതു ശരിയാണോ? ചിന്തിക്കുക.

അതുപോലെ ക്രിസ്ത്യാനികൾക്കുള്ള മേലെഴുത്താണ് നിർബ്ബന്ധിത മതപരിവർത്തനം എന്നത്. നിർബ്ബന്ധമതപരിവർത്തനമാണെങ്കിൽ, ഈ പരാതിക്കാരും ഇതിനകം നിർബ്ബന്ധത്താൽ മതം മാറിയിരിക്കുമല്ലോ? നാം ഇന്ന് അഭിമുഖീകരിക്കുന്നതൊന്നും അസാധാരണസംഗതികളല്ലോ? കഷ്ടത ഒരു വരമാണ്. അതു സഹിപ്പാനുള്ള കൃപയ്ക്കായി നമ്മുടെ കർത്താവിനോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.

**അന്നമ്മ സി. ജോൺ**

*"രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക;*
*നിന്റെ ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകരുക;*
*വീഥികളുടെ തലയ്ക്കലൊക്കെയും വിശപ്പുകൊണ്ടു തളർന്നു*
*കിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി*
*അവങ്കലേക്കു കൈ മലർത്തുക"*
(വിലാപ: 2:19)

# വിട്ടയയ്ക്കപ്പെട്ട ശത്രുക്കൾ

എലീശയെ പിടികൂടുവാൻ എത്തിയ അരാമ്യസൈന്യത്തെ യഹോവ എലീശയുടെ കൈയ്യിൽ ഏല്പിച്ചു കൊടുത്തു. എലീശയുടെ അപേക്ഷപ്രകാരം യഹോവ അരാമ്യസൈന്യത്തെ അന്ധത പിടിപ്പിച്ച തിനാൽ എലീശ നടത്തിയ വഴിയെ സഞ്ചരിച്ച് അവർ ശമര്യയിൽ എത്തിച്ചേർന്നു. തുടർന്ന് എലീശയുടെ അപേക്ഷപ്രകാരം യഹോവ അവരുടെ കണ്ണു തുറന്നു. അവരെ കൊന്നുകളയുവാൻ യിസ്രായേൽ രാജാവ് അനുവാദം ചോദിച്ചെങ്കിലും എലീശ അനുവദിച്ചില്ല. "ഇവർ തിന്നു കുടിച്ച് തങ്ങളുടെ യജമാനന്റെ അടുക്കൽ പോകേണ്ടതിന് അപ്പവും വെള്ളവും അവർക്കു കൊടുക്കുക എന്നു പറഞ്ഞു. അങ്ങനെ അവൻ അവർക്കു വലിയൊരു വിരുന്നു ഒരുക്കി; അവർ തിന്നു കുടിച്ച ശേഷം അവൻ അവരെ വിട്ടയച്ചു". (2 രാജ. 2:22, 23) തന്നെ കൊല്ലു വാൻ വന്ന സൈന്യത്തെ കൊന്നുകളയുവാനല്ല, വിട്ടയയ്ക്കുവാനാണ് യഹോവ അവരെ തന്റെ പക്കൽ ഭരമേല്പിച്ചതെന്ന ബോധ്യം എലീശ യ്ക്കുണ്ടായിരുന്നു.

യഹോവ ശൗലിനെ ദാവീദിന്റെ കൈയ്യിൽ ഏല്പിച്ചുകൊടു ത്തതും അവനെ കൊല്ലുന്നതിനായിരുന്നില്ല, പകരം വിട്ടയയ്ക്കുന്നതി നായിരുന്നു. "യഹോവ ഇന്നു ഗുഹയിൽ വച്ച് നിന്നെ എന്റെ കൈയ്യിൽ ഏല്പിച്ചിരുന്നു..." (1 ശമു. 24:10). എന്നു ദാവീദ് പറഞ്ഞ് അവനെ വിട്ട യയ്ച്ചതായി ഗ്രഹിച്ചപ്പോഴാണ് ശൗലിന് താല്ക്കാലികമായിട്ടാണെ ങ്കിലും ഒരു തിരിച്ചറിവുണ്ടായത്. രണ്ട് അഭിഷിക്തന്മാർ തമ്മിൽ ഒരു സഖ്യത ചെയ്യുന്നതിലേക്ക് ആ വിട്ടയയ്ക്കൽ എത്തിച്ചേർന്നു. കൊല്ലു വാനല്ല, വിട്ടയയ്ക്കുവാനാണ് യഹോവ ശൗലിനെ തന്റെ കൈയ്യിൽ ഏല്പിച്ചതെന്ന വ്യത്യസ്തമായ തിരിച്ചറിവായിരുന്നു ദാവീദിനുണ്ടാ യിരുന്നത്.

മറിച്ച് എലീശയെ അരാമ്യസൈന്യത്തിന്റെ കൈയ്യിലും ദാവീ ദിനെ ശൗലിന്റെ കൈയ്യിലുമായിരുന്നു ഏല്പിച്ചിരുന്നതെങ്കിൽ രംഗം വ്യത്യസ്തമായിത്തീരുമായിരുന്നു. യഹോവ, വിശ്വസ്തരായ തന്റെ ദാസ ന്മാരുടെ കൈവശം ഏല്പിക്കുന്നതെന്തും അവ സുരക്ഷിതമായിരിക്കും എന്നു ഉറപ്പുള്ളതിനാലാണ്. അത് ശത്രുക്കളായിരുന്നാൽ പോലും അവർ സുരക്ഷിതരായിരിക്കും. അരാമ്യ പടക്കൂട്ടം പിന്നീട് യിസ്രായേൽ ദേശ ത്തേക്ക് വന്നില്ല എന്നതായിരുന്നു അവർ വിട്ടയയ്ക്കപ്പെട്ടതിനാലുണ്ടായ

*(ശേഷം പേജ് 10 കാണുക)*

# അനുസരണക്കേടിന്റെ പരിണത ഫലങ്ങൾ

**1. ശൗൽ :** 1 ശമുവേൽ 15:22-ൽ ഇപ്രകാരം വായിക്കുന്നു. "ഇതാ! അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്". യിസ്രായേൽ ജനത്തിന്റെ ആദ്യരാജാവായിരുന്ന ശൗൽ ആദ്യകാലങ്ങളിൽ ദൈവത്തെ അനുസരിച്ചു ജീവിച്ചിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ ശൗൽ അനുസരണമില്ലാത്ത വ്യക്തിയായി തീർന്നു. ശമൂവേൽ പ്രവാചകൻ വരുന്നതിനു മുമ്പ് ശൗൽ യാഗം കഴിച്ചു. യഹോവെക്കു അനിഷ്ടമായതു ചെയ്തതതെന്ത് എന്നു പ്രവാചകൻ ചോദിക്കുന്നു. നീ യഹോവയുടെ കല്പന അനുസരിക്കാതെ കൊള്ളയ്ക്കു ചാടി (1 ശമൂ. 15:19) (1 ശമൂ. 15:23) നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തിൽ നിന്നു തള്ളിക്കളഞ്ഞിരിക്കുന്നു. അപ്പോൾ ശൗൽ ശമൂവേലിനോട്, ഞാൻ ജനത്തെ ഭയപ്പെട്ടു അവരുടെ വാക്കു അനുസരിച്ചതിനാൽ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ചു പാപം ചെയ്തിരിക്കുന്നു (1 ശമു. 15:24). അങ്ങനെ ശൗലിന്റെ രാജസ്ഥാനം നഷ്ടപ്പെട്ടു. യഹോവയോടു അനുസരണക്കേടു കാണിച്ചതിന്റെ ഫലം. ദൈവം പോലും ശൗലിനെ ഉപേക്ഷിച്ചു.

**2. യോനാ :** ദൈവം യോനായോട് നിനവേയിലേക്ക് പോകുവാനാണ് കല്പിച്ചത്. അവൻ ദൈവത്തോട് അനുസരണക്കേടു കാണിച്ച് തർശീശിലേക്കാണ് പോയത്. അതിന്റെ ഫലമായി യാത്രക്കാർക്കും കപ്പൽക്കാർക്കും യോനായ്ക്കും പ്രശ്നങ്ങൾ നേരിട്ടു. എങ്കിലും യോനാ നിമിത്തം യിസ്രായേലിന്റെ ദൈവമായ യഹോവ യഥാർത്ഥ ദൈവമാണെന്നു കപ്പലിൽ ഉണ്ടായിരുന്നവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. യോനായുടെ അനുസരണക്കേട് വലിയ പ്രയാസത്തിനും നഷ്ടത്തിനും പ്രശ്നത്തിനും ഇടയായി.

**3. ആഖാൻ :** ആഖാന്റെ അനുസരണക്കേട് മൂലം വലിയ ആപത്തിനിടയായി. അത് 36 പേരുടെ മരണത്തിനിടയായി. യോശുവ. 7:1 മുതൽ വായിച്ചാൽ ഇതിനെക്കുറിച്ചു മനസ്സിലാക്കാം. അതായത് യെരീഹോ പട്ടണം പിടിക്കുവാൻ പോകുമ്പോൾ സകല ജീവജാലങ്ങളെയും നശിപ്പിക്കണം, എല്ലാം തീവെച്ചു നശിപ്പിക്കണം. ഒന്നും ആരും എടുക്കരുത് എന്ന് യോശുവ മുഖാന്തരം ദൈവം യിസ്രായേൽ ജനത്തോട് അറിയിച്ചിരുന്നു. ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ

സൂക്ഷിച്ചു കൊള്ളുവാൻ കല്പിച്ചിരുന്നു. യിസ്രായേൽ പട്ടാളം യോശുവയുടെ നേതൃത്ത്വത്തിൽ യെരീഹോ പട്ടണം നശിപ്പിച്ചു. ആ സമയത്താണ് ആഖാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോന്യമേലങ്കിയും, ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തത് (7:21). അപ്പോൾ ദൈവത്തോട് അനുസരണക്കേട് കാണിച്ചു. എടുക്കരുത് എന്ന് ദൈവം യോശുവ മുഖാന്തരം കല്പിച്ചത് ലംഘിച്ചു. ആയതിനാൽ ആഖാനും കുടുംബവും അവനുള്ളതെല്ലാം കല്ല് എറിഞ്ഞു, അവരെ തീയിൽ ഇട്ടു ചുട്ടുകളയുകയും കല്ലെറിയുകയും ചെയ്തു (7:26).

**4. ആദാം, ഹവ്വാ :**സൃഷ്ടിയുടെ എല്ലാം ഒടുവിൽ നന്നെന്നു കണ്ട് സന്തോഷിച്ച ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട് കുടുംബം സ്ഥാപിച്ചു. കുടുംബത്തിന് അല്ലലില്ലാതെ ജീവിക്കാനാവശ്യമായതെല്ലാം ക്രമീകരിച്ചതിനുശേഷം ദൈവം ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചതിനുശേഷം ദൈവം അവരെ മനോഹരമായ ഏദൻതോട്ടത്തിലാക്കി. സന്തോഷകരമായ കുടുംബജീവിതം, കുടുംബത്തിന്റെ സ്ഥാപകനായ ദൈവത്തോടുകൂടെ നടക്കുന്നു, സംഭാഷിക്കുന്നു, സന്തോഷിക്കുന്നു, ഉത്തമകുടുംബം. ആ കുടുംബം തകർന്നതിന്റെ പ്രധാന കാരണം ദൈവകല്പന നിരസിച്ചതാണെന്നു നമുക്ക് കാണാൻ കഴിയും. (ഉത്പ. 2:16,17) തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെ ഫലമൊഴിച്ച് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നിങ്ങൾ മരിക്കുമെന്നു കല്പിച്ചിരുന്നു. എന്നാൽ ശത്രുവായ സാത്താൻ സ്ത്രീയെ വശീകരിച്ചു ആദ്യ കുടുംബത്തെ തകർത്തു. (ഉത്പ. 3:6) ഭൂമി ശപിക്കപ്പെട്ടു, വേദനയും, കഷ്ടതയും ഈ ഭൂമിയിൽ ഉണ്ടായി. അവർ ദൈവത്തോട് അനുസരണക്കേട് കാണിച്ചു. ഏദൻ തോട്ടത്തിൽ താമസിക്കുവാനും, കായ്കനികൾ ഭക്ഷിക്കുവാനും, തോട്ടം സൂക്ഷിപ്പാനും, ദൈവത്തോട് കൂട്ടായ്മ കാണിക്കുവാനുമായി സൃഷ്ടിച്ച മനുഷ്യൻ ദൈവത്തിന്റെ വാക്കുകളെ അനുസരിക്കാതെ പിശാചിന്റെ കെണിയിൽ അകപ്പെട്ടു. തൽഫലമായി ദൈവം അവരെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കി.

ദൈവമഹത്ത്വം അവർക്കു നഷ്ടപ്പെട്ടു, ദൈവതേജസ്സും നഷ്ടപ്പെട്ടു. അങ്ങനെ ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു (റോമർ 5:19). ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ, ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും.

**5. ശിംശോൻ :** ന്യായാധിപന്മാർ 13-ാം അദ്ധ്യായം മുതൽ 16വരെ നാം കാണുന്ന ശിംശോന്റെ ജീവചരിത്രം. അനന്തമായ സാദ്ധ്യതകൾ നല്കി ദൈവം ജന്മം നല്കിയവൻ പട്ടുപോയതിന്റെ രഹസ്യം മനസ്സി

ലാക്കിയാൽ ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ സംഭവിക്കുവാൻ സാദ്ധ്യതയുള്ള ഈ വലിയ വിപത്തിൽ അകപ്പെടാതിരിക്കുവാൻ നമുക്ക് സാധിക്കും. പാപത്തിൽ അകപ്പെട്ടുപോയ ശിംശോന്റെ അന്ത്യം കണ്ണു കുത്തിപ്പൊട്ടിച്ച് ക്ഷേത്രം വീണു മരിച്ചു.

ആയതിനാൽ വിശ്വാസികളായ നാം നമ്മുടെ ജീവിതത്തിൽ ഒരിക്കലും പിശാചു പ്രവർത്തിക്കുവാൻ അനുവദിക്കരുത്. ദൈവത്തിന്റെ കല്പന അനുസരിച്ച് ജീവിക്കണം. പലപ്പോഴും അനുസരണക്കേട് വലിയ ആപത്തിലേക്ക് വലിച്ചിഴയ്ക്കും. അന്ത്യമോ പ്രയാസവും ദുഃഖവും ചിലപ്പോൾ നിരാശയും മരണവുമത്രേ! നമ്മുടെ കർത്താവിന്റെ വാക്കുകളെ പൂർണ്ണമായി അനുസരിക്കുന്നവരായിരിക്കാം.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

---

*പേജ് 7 ന്റെ തുടർച്ച (വിട്ടയയ്ക്കപ്പെട്ട ശത്രുക്കൾ)*

പ്രയോജനം. അപ്രകാരം തന്നെ ശൗലിന് ഒരു തിരിച്ചറിവുണ്ടായതും വിട്ടയയ്ക്കപ്പെട്ടതിനാലാണ്.

യഹോവ തങ്ങളുടെ പക്കൽ ഭരമേല്പിച്ച ശത്രുക്കൾക്ക് രൂപാന്തരവും മാനസാന്തരവും തിരിച്ചറിവും ഉണ്ടാകുവാൻ അവരെ ഉപദേശിക്കയോ ശാസിക്കയോ ശിക്ഷിക്കയോ ഒന്നും ചെയ്‌വാൻ ആവശ്യമായിരുന്നില്ല. പകരം അവരെ വിട്ടയയ്ക്കുക മാത്രമായിരുന്നു ആവശ്യം. മരണ ഭീതിയിൽ നിന്നാണ് അവർ വിട്ടയയ്ക്കപ്പെട്ടത്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കർത്താവ് വിട്ടയയ്ക്കുന്നതും നാം കാണുന്നുണ്ട് (യോഹ. 8:11). ക്ഷമിച്ചതിന്റെയും സ്നേഹത്തിന്റെയും ദൈവഭയത്തിന്റെയുമൊക്കെ പ്രതിഫലനമായിട്ടാണ് ഈ വിട്ടയയ്ക്കൽ കാണപ്പെടുന്നത്. അതുകൊണ്ട് തന്നെ, വിട്ടയയ്ക്കപ്പെട്ടവരിൽ ഒരു രൂപാന്തരമുണ്ടാകുന്നതിന് അത് കാരണമായിത്തീരുന്നു.

“നിന്റെ ശത്രുവിന് വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും... തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക” (റോമ. 12:20, 21) എന്നും “നിങ്ങൾ നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്ത്വം മിണ്ടാതാക്കേണം എന്നുള്ളത് ദൈവേഷ്ടം ആകുന്നു” (1 പത്രൊ. 2:15) എന്നുമുള്ള ദൈവകല്പനകളെ പ്രായോഗികമാക്കുവാനുള്ള അവസരങ്ങളായിരുന്നു ദാവീദും എലീശയും പ്രയോജനപ്പെടുത്തിയത്. തിന്മയോട് തോല്ക്കാതിരിക്കുവാനും നന്മയാൽ തിന്മയെ ജയിക്കുവാനും നല്കപ്പെടുന്ന ഇത്തരം അവസരങ്ങളെ വിവേകത്തോടെ കൈകാര്യം ചെയ്യുവാൻ നമുക്കും ഇടവരട്ടെ. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# പ്രയാണം ചെയ്യുന്നവർ

വി. വേദപുസ്തകത്തിൽ ലൂക്കൊസിന്റെ സുവിശേഷം 17-ാം അദ്ധ്യായം 29-32 വരെയുള്ള ഭാഗങ്ങളിൽ ഇങ്ങനെ വായിക്കുന്നു. “എന്നാൽ ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തുനിന്നു തീയും ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചു കളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നേ ആകും. അന്നു വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിനകത്തു സാധനം എടുക്കുവാൻ ഇറങ്ങിപ്പോകരുത്. അവ്വണ്ണം വയലിൽ ഇരിക്കുന്നവനും പിന്നോക്കം തിരിയരുത് ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ”

നാം വായിച്ച തിരുവെഴുത്തിന്റെ സംക്ഷിപ്ത രൂപം ഇങ്ങനെ: ലോകത്തെയും ലോകത്തിനുള്ളതിനെയും നാം സ്നേഹിക്കുമ്പോൾ നമുക്ക് ലക്ഷ്യസ്ഥാനത്ത് എത്താൻ കഴികയില്ല. അതിന് ദൃഷ്ടാന്തമായി ഉപ്പുതൂണായി മാറിയ ലോത്തിന്റെ ഭാര്യയെ നമ്മുടെ മുമ്പിൽ നിർത്തിയിരിക്കുന്നു.

ലോത്തിന്റെ ഭാര്യയെക്കുറിച്ച് തിരുവചനത്തിൽ അധിക പരാമർശങ്ങൾ ഒന്നും തന്നെയെടുത്തു പറയുന്നില്ല. അവിടെയിവിടങ്ങളിലായി പേര് എടുത്തു പറഞ്ഞില്ലെങ്കിലും ഭാര്യയെന്ന പദം മാത്രമായി കാണുന്നു. അതിലുപരി ദൈവത്തിന്റെ കരുണയെ നിഷേധിച്ച് തന്നെത്താൻ നശിച്ച സ്ത്രീയായിട്ടാണ് ലോത്തിന്റെ ഭാര്യയെ കാണുവാൻ കഴിയുന്നത്.

അബ്രഹാമിനെ പിരിഞ്ഞ് സോദോമിലേക്ക് പോയ ലോത്തിന് ലോക പ്രകാരം ഒരുപാടു നേടുവാൻ കഴിഞ്ഞെങ്കിലും അതെല്ലാം ക്ഷണനേരത്തിൽ നഷ്ടമായി. സോദോമിനെക്കുറിച്ച് തിരുവെഴുത്ത് ഇങ്ങനെ പറഞ്ഞിരിക്കുന്നു. സോദോം നീരോട്ടമുള്ളതും ദൈവത്തിന്റെ തോട്ടം പോലുള്ളതായിരുന്നെങ്കിലും ദൈവമുമ്പാകെ അവിടത്തെ ജനം മഹാപാപികൾ ആയിരുന്നു. ഉത്പ. 13:10-13. ദുഷ്ടന്മാരായ സോദോമ്യരുടെ അധർമ്മ പ്രവൃത്തി കണ്ടും കേട്ടും അവന്റെ നീതിയുള്ള മനസ്സ് നൊന്ത് അവരുടെ ദുഷ്കാമപ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാൻ എന്നാണ് 2 പത്രൊ. 2:7-9 ലോത്തിനെപ്പറ്റി പറഞ്ഞിരിക്കുന്നത്.

ഇവിടെ നമുക്ക് കാണുവാൻ കഴിയുന്നത് സോദോമിന്റെ പാപവും ആഡംബരവും, സുഖസൗകര്യങ്ങളും, ദൈവത്തിൽ നിന്നകറ്റുവാനും

സ്വയം നാശത്തിനുമല്ലാതെ ഒന്നിനും സഹായകരമാകുകയില്ല. ഈ തിരിച്ചറിവ് ഈ കാലഘട്ടത്തിൽ നമ്മെ ഓരോരുത്തരെയും ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. ലോത്തിന്റെ കാലുകൾ സോദോമ്യ പാപത്തിൽ നിന്നും മുന്നോട്ടു കുതിച്ചപ്പോൾ പിമ്പിൽ ലോത്തിന്റെ ഭാര്യയുടെ കാലുകൾ അവിടെതന്നെ ഉടക്കി നിന്നു മുന്നോട്ടുള്ള യാത്രയിൽ സോദോമിനെ ഹൃദയംഗമായി വിടാതെ അത് അവളുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നുവെന്നുള്ളതാണ് കാരണം.

"കർത്താവ് തന്റെ രണ്ടാം വരവിനെക്കുറിച്ച് പറയുമ്പോഴാണ് ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ എന്നു ലൂക്കൊ. 17:32-ൽ പറഞ്ഞിരിക്കുന്നത്. നമ്മുടെ വീണ്ടെടുപ്പിന്റെ നാൾ നാം ചിന്തിക്കുന്നതിലും പെട്ടെന്ന് സമാഗതമാകുവാൻ പോകുന്നതുകൊണ്ട് മുകളിലുള്ള പ്രത്യാശയെ കണ്ടുകൊണ്ട് ഓടുക എന്നല്ലാതെ ഒരു കാരണവശാലും ലോത്തിന്റെ ഭാര്യയെപ്പോലെ പിമ്പിൽ തള്ളുവാൻ പാടില്ല. ഇവിടെ നാം ഓടുന്നത് ജീവരക്ഷയ്ക്കായുള്ള ഓട്ടമാണെന്നോർക്കണം. ഭൂമിയിലെ നിക്ഷേപങ്ങൾ എല്ലാം തീയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ സ്വർഗ്ഗ സീയോനിലേക്കുള്ള ഓട്ടം പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും കൂടിയായിരിക്കണം. ലോകമയത്വവും, ആഡംബരങ്ങളും ഹൃദയത്തിൽ നിറഞ്ഞിരുന്നാൽ അത് നാശത്തിന് മുഖാന്തരം ഒരുക്കും. നമ്മുടെ മദ്ധ്യത്തിൽ തന്നെ എത്രയോ സ്ത്രീകൾ സൊസൈറ്റി ലേഡികൾ ആയതുകൊണ്ട് സ്വന്ത ജീവിതവും മക്കളുടെ ജീവിതവും നശിക്കുന്നത് നിത്യസംഭവമായിമാറികഴിഞ്ഞു. ആന്തരിക വിശുദ്ധി നഷ്ടപ്പെടുത്തുന്ന നമ്മൾ ബാഹ്യമായി നടത്തുന്ന വിശുദ്ധിയുടെ പ്രദർശനം ദൈവത്തിനു വെറുപ്പുളവാക്കുന്നതാണ്. നിങ്ങളെ വിളിച്ചവൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും നിങ്ങളുടെ സകല പ്രവൃത്തികളിലും വിശുദ്ധരാകുവിൻ. വക്രത നിറഞ്ഞ ന്യായീകരണത്തിലൂടെ നേടുന്ന സ്വാർത്ഥലാഭങ്ങളും, സ്ഥാനമാനങ്ങളും ദൈവം തന്റെ ഭക്തനിൽ നിന്നാഗ്രഹിക്കുന്നില്ല.

ലോകയിമ്പങ്ങളും, ധനവും ജീവിതത്തിലെ ആശയും ആവേശവുമായി മാറുമ്പോൾ ധനം കൊണ്ട് എന്തും നേടിയെടുക്കാമെന്നുള്ള വ്യാമോഹം വ്യക്തികളിൽ വളരുകയും തന്മൂലം ജീവിതത്തിൽ ദൈവത്തിനുവേണ്ടി ലാഭമായത് ചേതമെന്നെണ്ണുവാൻ അവർക്ക് കഴിയില്ല. അതുകൊണ്ട് നിശ്ചയമില്ലാത്ത ധനത്തിലല്ല നമുക്ക് സകലവും ധാരാളമായി തരുന്ന ദൈവത്തിൽ ആശവയ്ക്കുവാൻ തിരുവെഴുത്ത് നമ്മോടു പറയുന്നു. ഇന്ന് തിരുവചനം സഹോദരിമാരിൽ നിന്നാഗ്രഹിക്കുന്നത്: ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുവിൻ; അവ

രിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നടപ്പു കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെയായിരിക്കണം. അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രൊ. 3:1-5).

ദൈവഭക്തിയിൽ ജീവിക്കുന്ന സഹോദരിമാരെക്കുറിച്ച് ഇങ്ങനെ പരാമർശിച്ചിരിക്കുന്നു. വിശ്വാസത്തിലും, സ്നേഹത്തിലും, വിശുദ്ധീകരണത്തിലും, സുബോധത്തോടെ പാർക്കുന്നുവെങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷപ്രാപിക്കും 1 തിമൊ. 2:15. ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തിൽ ധനം വരുത്തുന്ന പ്രതിബന്ധങ്ങളെപ്പറ്റി 1 തിമൊ. 6:17-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

നാം തിരിച്ചറിയാതെ പോകരുത്. ക്രിസ്തീയ ജീവിതം പരിശീലനം നിരന്തര പോരാട്ടമാണ്. ലക്ഷ്യം നേടാൻ സർവ്വശക്തിയും ഉപയോഗിച്ചോടുക. നമ്മുടെ ലക്ഷ്യപ്രാപ്തി. പിമ്പിലുള്ളതെല്ലാം മറക്കുക, മുമ്പിലുള്ളതിനായ് ലക്ഷ്യബോധത്തോടെ ഓടുക. ആത്മീയവ്യായാമം, വിശ്വാസത്തിലും സ്വഭാവത്തിലും വളരുവാൻ സഹായകമാണ്. 1 തിമൊ. 4:7-10. എന്നാൽ അനുദിനം നിഷ്ഠയോടുകൂടിതന്നെ മനസ്സിനെയും ശരീരത്തിനെയും നിയന്ത്രണത്തിൽ നിർത്തേണ്ടതാണ്. 1 കൊരി. 9:24-27 സകലത്തിലും വർജ്ജനം: - ഉപേക്ഷിക്കണം. നോട്ടം ക്രിസ്തുവിൽ തന്നെയായിരിക്കട്ടെ. ഉപവാസവും പ്രാർത്ഥനയും ശരീരത്തെയും ആത്മാവിനെയും ബലപ്പെടുത്തും. ദുഷ്ടാത്മാക്കളോട് പുറത്തും, പ്രലോഭനങ്ങളോട് അകത്തും പോരാടേണ്ടിയിരിക്കുന്നു 2 തിമൊ. 4:7-8 പോരാട്ടം. നല്ല നടപ്പിൽ നമ്മുടെ പ്രവൃത്തി കാണിക്കാം. യാക്കോ. 3:13. ജ്ഞാനം: വഴി തിരിച്ചറിയുന്നത് വിവേകിയുടെ ജ്ഞാനം സദൃ. 14:8. ദുഷ്ടന്റെ വഴികൾ ഒന്നും തിരഞ്ഞെടുക്കരുത് സദൃ. 3:31. അന്വേഷണം: നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല നന്മ തന്നെ അന്വേഷിക്കുവിൻ ആമോസ് 5:14. വിളിയും തിരഞ്ഞെടുപ്പും: വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ ശ്രമിക്കുവിൻ 2 പത്രൊസ് 1:10.

സഹോദരങ്ങളെ, ഭക്തൻ ഇങ്ങനെ പാടി
"ലോകമെനിക്കുവേണ്ട, ലോകത്തിൻ ഇമ്പം വേണ്ടാ
പോകണമേശുവിൻ പാതെ നോക്കി" യെന്നു നമുക്കും പാടാം.

നമ്മുടെ പ്രയാണത്തിൽ ദൈവത്തിൽ നിന്ന് നമ്മെ ഇന്നലെ വരെയും അകറ്റി നിർത്തിയ സകല ലോകയിമ്പങ്ങളും, സ്ഥാനമാനങ്ങളും പദവികളും നാം നേടിയതും പിന്നിലാക്കി മഹത്ത്വപ്രത്യക്ഷത

*(ശേഷം പേജ് 16 കാണുക)*

# നിന്റെ മകനെ ഇങ്ങു തരിക

"ഏലിയാവിന്റെ കാലത്ത് ആകാശം മൂന്ന് ആണ്ടും ആറുമാസവും അടഞ്ഞിട്ട് ദേശത്ത് എങ്ങും ക്ഷാമം ഉണ്ടായപ്പോൾ ദൈവം ഏലിയാ പ്രവാചകനെ സാരെഫാത്തിലെ വിധവയുടെ അടുക്കലേക്കയച്ച കഥ നമുക്കറിയാമല്ലൊ. അവിടെയും ക്ഷാമം കൊണ്ടോഎന്തോ ഉപജീവന മാർഗ്ഗമില്ലാതെ കലത്തിൽ ഒരു പിടിമാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രം ഉള്ളതുകൊണ്ട് പാകം ചെയ്തു ആ വിധവയും മകനും മരിപ്പാൻ പ്ലാൻ ചെയ്തപ്പോഴായിരുന്നു ദൈവം ഏലിയാവിനെ അവളുടെ അടുക്കലേക്കയച്ചത്. അപരിചിതനായ ഒരാൾ അവളോട് അല്പം വെള്ളം കുടിപ്പാൻ ചോദിച്ചപ്പോൾ അവൾ എതിരൊന്നും പറയാതെ വെള്ളം എടുക്കാൻ പോയപ്പോൾ ഏലിയാവ് അവളോട് ഒരു കഷണം അപ്പം കൂടെ ചോദിക്കുന്നു. അത്രയ്ക്കു വിശന്നും ദാഹിച്ചുമായിരിക്കണം ഏലിയാവ് അവിടെ എത്തിയത്. എത്ര ക്ഷമയോടും സൗമ്യതയോടും കൂടെ ആയിരുന്നു ആ വിധവ ഏലിയാവിനോട് ഇടപെട്ടതും അവളുടെ ഉള്ള അവസ്ഥ അദ്ദേഹത്തോടു തുറന്നു പറഞ്ഞതും? മറ്റാരെങ്കിലും അത്രയ്ക്കു നിരാശയുടെ വക്കിലായിരുന്നെങ്കിൽ ഒരു പക്ഷെ ചീത്ത പറഞ്ഞ് ആട്ടിക്കളയുമായിരുന്നു. എന്നാൽ ഒരു പുറജാതിക്കാരിയായ വിധവ ഒരു യഹൂദനായ അപരിചിതനോട് എത്ര മര്യാദയോടെയാണ് സംസാരിച്ചത്? പ്രിയ സഹോദരിമാരേ, ഇതു നമുക്ക് ഒരു നല്ല പാഠമായിരിക്കുന്നില്ലേ? അതിനുശേഷം ഏലിയാവ് അവളോടു പറഞ്ഞ വാക്കുകൾ അവൾ വിശ്വസിച്ച് ഒരു എതിരും പറയാതെ അനുസരിച്ചതിന്റെ ഫലമായി അവളും മകനും, അവളുടെ വീട്ടുകാരും ഏറിയനാൾ അഹോവൃത്തി കഴിച്ചു. യഹോവ ഏലിയാവു മുഖാന്തരം അരുളിച്ചെയ്ത വചനപ്രകാരം കലത്തിലെ മാവു തീർന്നുപോയില്ല ഭരണിയിലെ എണ്ണ കുറഞ്ഞുപോയതുമില്ല! വിശ്വാസത്തിന്റെ അനുസരണം മൂലം ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ശക്തനാകുന്നുവെന്നു പഠിക്കുവാനും, അനുസരിക്കുവാനും ഈ വിധവ നമ്മെ പഠിപ്പിക്കുന്നു. അവൾ വിശ്വസിച്ചത് "യിസ്രായേലിന്റെ ദൈവമായ യഹോവയിലായിരുന്നു". ഏലിയാവിലൂടെ ദൈവം അവളോടു അരുളിചെയ്തത് അവൾ വിശ്വസിച്ച് അനുസരിച്ചതിന്റെ ഫലം എത്ര വലിയതായിരുന്നു. മാത്രമല്ല അപരിചിതനായ യഹൂദനായ പ്രവാചകന് അവളുടെ വീട്ടിൽ താമസിക്കാനുള്ള അനുവാദവും അവൾ നല്കി. യഹോവയുടെ കല്പന അനു

സരിച്ച ഏലിയാവിനും, വിധവയ്ക്കും കുടുംബാംഗങ്ങൾക്കും എത്ര വലിയ അനുഗ്രഹമാണ് ലഭിച്ചത്? പ്രിയമുള്ളവരേ നമ്മുടെ വിശ്വാസം വർദ്ധിക്കുമ്പോൾ വിശ്വാസത്തിന്റെ പരിശോധനയും വർദ്ധിക്കും എന്ന തിന്നു സംശയം വേണ്ടാ. ഏലിയാവ് അവളുടെ ഭവനത്തിൽ താമസി ച്ചതുകൊണ്ടാവാം അവളും അവളുടെ മകനും മറ്റു കുടുംബാംഗങ്ങളും യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിക്കാനിടയായതും സുഭിക്ഷമായി ജീവിക്കാനിടയായതും. അങ്ങനെ ഇരിക്കെ വിധവയുടെ ഏകജാതനായ മകൻ ദീനം പിടിച്ചു മരിക്കുവാനിടയായത്. "എന്റെ മകനെ കൊല്ലാ നാണോ നീ ഇവിടെ വന്നത്" എന്ന ആ സ്ത്രീയുടെ ചോദ്യം ഏലി യാവിനെ തകർത്തുകളഞ്ഞു. ഏലിയാവ് അവളോട് "നിന്റെ മകനെ ഇങ്ങു തരിക" എന്ന് പറഞ്ഞ് ഏലിയാവ് ആ മരിച്ച മകനെ തന്റെ കട്ടിലിൽ കിടത്തിയിട്ട് യഹോവയോടു പ്രാർത്ഥിച്ചതു ശ്രദ്ധിക്കുക. "എന്റെ ദൈവമായ യഹോവേ ഞാൻ വന്നു പാർക്കുന്ന ഈ വിധവ യുടെ മകനെ കൊല്ലുവാൻ തക്കവണ്ണം നീ അവൾക്കു അനർത്ഥം വരു ത്തിയോ?" എന്തൊരു പ്രാർത്ഥന! വിധവ വിശ്വസിച്ചത് അവളുടെ പാപം മൂലം യഹോവ ഏലിയാവിലൂടെ തന്റെ മകനെ കൊന്നു എന്നാ യിരുന്നു. ഏലിയാവും ചിന്തിച്ചത് ഈ അനർത്ഥം യഹോവയാൽവന്നു എന്നു തന്നെ ആയിരുന്നു. ഏലിയാവിന്റെ പ്രാർത്ഥന ദൈവം കേട്ടു. മരിച്ച മകനെ ദൈവം ഉയിർപ്പിച്ചു. അതുമൂലം ആ വിധവയുടെ പരസ്യ പ്രഖ്യാപനം ശ്രദ്ധിക്കുക "നീ ദൈവപുരുഷനെന്നും, നിന്റെ നാവിന്മേ ലുള്ള യഹോവയുടെ വചനം സത്യം എന്നും ഞാൻ ഇതിനാൽ അറി യുന്നു!" എത്ര വലിയ സാക്ഷ്യം!

ഈ സംഭവത്തിൽ നിന്നും നമുക്കു ലഭിക്കുന്ന പാഠങ്ങൾ എത്രയോ വിലയേറിയതായിരിക്കുന്നു. ഏലിയാവിലൂടെ ദൈവം ചെയ്തി ട്ടുള്ള അത്ഭുതങ്ങൾ 'ദൈവം ഏലിയാവിന്റെ ദൈവം" എന്ന് പില്ക്കാ ലങ്ങളിൽ വിശ്വസിക്കുവാനിടയായി. അതുപോലെ തന്നെ സാരെഫാ ത്തിലെ വിധവയും അവളുടെ കുടുംബാംഗങ്ങളും യിസ്രായേലിന്റെ ദൈവമായ യഹോവ നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും മതിയായവനാ കുന്നുവെന്നും, മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുവാൻ ശക്തനാകു ന്നുവെന്നും വിശ്വസിപ്പാനിടയായി."മരിച്ച മകനെ ഇങ്ങു തരിക" എന്ന പ്രവാചകന്റെ വാക്കുകൾ ഇന്നും പാപത്തിൽ മരിച്ച മക്കൾക്കുവേണ്ടി കരയുന്ന മാതാപിതാക്കൾക്കു പാഠമായിരിക്കുന്നല്ലോ. ഇന്ന് എത്ര എത്ര മാതാപിതാക്കളാണ് മക്കളുടെ മാനസാന്തരത്തിനുവേണ്ടി കണ്ണുനീ രോടെ പ്രാർത്ഥിക്കുന്നത്? പ്രിയമുള്ളവരേ, അവരെ കർത്തൃകരങ്ങ ളിൽ സമർപ്പിക്കുക. അവരെ മാനസാന്തരത്തിലേക്കു നയിക്കുവാൻ കർത്താവിനു മാത്രമേ സാധിക്കയുള്ളൂ. മാതാപിതാക്കളെ അനുസരി

ക്കാതെ മയക്കു മരുന്നുകൾക്കും, മദ്യത്തിനും മറ്റും അടിമകളായ മക്കളെ സ്നേഹിക്കുക. അവർക്കു വേണ്ടി കരഞ്ഞു പ്രാർത്ഥിക്കുന്നതോടൊപ്പം വിശ്വാസത്തോടെ കർത്തൃകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിക്കുക. ദൈവം അവരെ മാനസാന്തരത്തിലേക്കു നയിക്കും. മുടിയൻ പുത്രൻ മടങ്ങി വന്നതു പോലെ അവർ സുബോധത്തോടെ മടങ്ങിവരും. കാത്തിരിക്കുക. നമ്മുടെ ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ല. നമുക്കു സമസ്വഭാവമുള്ള ഏലിയാവിന്റെ പ്രാർത്ഥന കേട്ട ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും. അത്ഭുതം പ്രവർത്തിക്കും. മക്കളെ കർത്തൃകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിക്കുക. കർത്താവു കൃപ ചെയ്യട്ടെ!

**എൽസി ബേബി, ന്യൂയോർക്ക്**

---

*പേജ് 13 ന്റെ തുടർച്ച (പ്രയാണം ചെയ്യുന്നവർ)*

യിൽ വരുന്ന യേശുവിനെ നോക്കി യാത്ര ചെയ്യാൻ എപ്പോഴും യേശുവിന്റെ ചിറകിൻ കീഴിൽ അഭയം പ്രാപിച്ചു മുന്നേറാം.

നമ്മുടെ പ്രിയപ്പെട്ടവരെയും ചേർത്തുപിടിച്ച് നമ്മോടൊപ്പം പാപമാലിന്യമേശാതെ പ്രത്യാശയുടെ തുറമുഖത്തേക്ക് കുറവുകളെ ക്ഷമിക്കുന്ന നമ്മുടെ പിതാവ്. കാലമെത്രയായാലും കാത്തിരിക്കുന്ന ഒരു അവർണ്ണനീയ സ്നേഹമാണ് യേശു. കർത്താവ് മുടിയനായ പുത്രനെപ്പോലെ നമ്മുടെ ഒരു മടങ്ങിവരവിന്റെ നിമിഷങ്ങൾ കാത്തിരിക്കുന്നു. മടങ്ങിച്ചെല്ലാം നമുക്ക്. അതിനായി നമ്മെ ഓരോരുത്തരെയും കരുണാനിധിയായ ജഗന്നിയന്താവ് അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**എസി തോമസ്, മീൻതുള്ളി**

*മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിക്കുവാൻ തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു. "ഞാൻ ശ്രേഷ്ഠവും മാന്യവുമായൊരു മൂലക്കല്ല് സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല" എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ.*

(1 പത്രൊസ് 2:4-6)

# ദൈവിക ന്യായവിധി

ആകയാൽ : നീതിമാന് പ്രതിഫലം ഉണ്ട് നിശ്ചയം; ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവം ഉണ്ട് നിശ്ചയം എന്നു മനുഷ്യർ പറയും സങ്കീ. 58:11. ഈ വാക്യത്തിൽ നിന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, ദൈവം നീതിമാനായ ന്യായാധിപതി ആകയാൽ ഭക്തിയോടു കൂടിയുള്ള ഒരു വിശുദ്ധ ജീവിതം നമുക്ക് അനിവാര്യമായ ഘടകമാണ്. നമ്മുടെ രഹസ്യ ജീവിതത്തിലും പരസ്യജീവിതത്തിലും നാം വിശുദ്ധി കാത്തു സൂക്ഷിക്കണം. ദൈവം സ്നേഹമാകുന്നു എന്ന് 1 യോഹ. 4:8–ൽ പറയുമ്പോഴും ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു എന്ന ദൂത് സങ്കീ. 7:11 ൽ പറയുന്നു. ദൈവവചനത്തിൽ ദൈവവഴി വിട്ടു അഹങ്കാരികളായവരെ ന്യായം വിധിച്ചതിനെപ്പറ്റി കാണുവാൻ സാധിക്കുന്നു. നെബൂഖദ്നേസ്സറിനെക്കുറിച്ച് കാണുകയാണെങ്കിൽ തന്റെ പ്രതാപത്തിൽ അഹങ്കരിച്ച നെബൂഖദ്നേസ്സറിനെ ഏതാനും നാളത്തേക്ക് സിംഹാസനത്തിൽ നിന്നിറക്കി കാട്ടിലെ മൃഗങ്ങളൊടൊത്ത് വസിപ്പാനും കാള പുല്ലുതിന്നുന്നതുപോലെ പുല്ലു തിന്നാനും ഇടയായി. ഏഴുവർഷത്തോളം മൃഗതുല്യനായി കാട്ടിൽ കഴിഞ്ഞു. പിന്നീട് തന്നെത്താൻ താഴ്ത്തി സുബോധം തിരികെ കിട്ടി അവൻ തന്റെ രാജത്ത്വത്തിൽ മടങ്ങിവരികയും സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി ദൈവത്തെ സ്തുതിച്ചു പുകഴ്ത്തി ബഹുമാനിക്കുകയും ചെയ്തു. അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവുമാകുന്നു; നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ. (ദാനി 4:37). അതുപോലെ തന്നെ ദൈവിക ന്യായവിധി ചോദിച്ചു വാങ്ങിയ അടുത്ത വ്യക്തിയാണ് ബേൽശസ്സർ. നെബൂഖദ്നേസ്സറിന്റെ രണ്ടാം ഭാര്യയിലെ പുത്രനായ നബോണിഡസിന്റെ മകനായിരുന്നു ബേൽശസ്സർ. യെരുശലേം ദൈവാലയത്തിൽ നിന്നു കൊണ്ടുവന്ന പൊൻ, വെള്ളി പാത്രങ്ങളിൽ അവനും ഭാര്യമാരും വെപ്പാട്ടികളും വീഞ്ഞു കുടിച്ചു രസിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് ദൈവത്തിന്റെ ഒരു കൈപ്പത്തി പുറപ്പെട്ട് രാജധാനിയുടെ ചുവരിൽ ചില വാക്കുകൾ എഴുതുന്നതായി കാണാനിടയായത്. അതിന്റെ അർത്ഥം മനസ്സിലാക്കാൻ ബാബിലോണിലെ വിദ്വാന്മാർക്കോ ആർക്കും കഴിഞ്ഞില്ല. എന്നാൽ ദൈവാത്മാവ് ഉള്ളവൻ എന്ന് പരക്കെ അറിയപ്പെട്ടിരുന്ന ദാനീയേൽ അതിന്റെ

അർത്ഥം വിശദീകരിക്കുവാൻ ഇടയായിത്തീർന്നു. അങ്ങനെ അന്നു രാത്രിയിൽ നിഗളിയും ദൈവഭയം ഇല്ലാത്തവനുമായ ബേൽശസ്സർ കൊല്ലപ്പെടുവാൻ ഇടയായി. ബേൽശസ്സറിന്റെ ഈ ജീവിതകഥ അനേക ആത്മീയ പാഠങ്ങൾ ഉൾകൊള്ളുന്നതാണ്. ഇത് പ്രാകൃത മനുഷ്യന്റെ ദൈവവിദ്വേഷം, ജഡോല്ലാസ പ്രവണത, അശുദ്ധ സ്വഭാവം എന്നിവ വെളിപ്പെടുത്തുന്നു. കേവലം ജഡിക സുഖങ്ങളിൽ മാത്രം മുഴുകി തിന്നും, കുടിച്ചും, വിവാഹം കഴിച്ചും, വിവാഹത്തിനു കൊടുത്തും നിർവിചാരികളായി ജീവിക്കുന്ന ആധുനിക തലമുറയ്ക്കുമേൽ ദൈവ ത്തിന്റെ ന്യായവിധിയുടെ ക്രോധകലശങ്ങൾ നിശ്ചയമായും പകര പ്പെടും. ലോത്തിന്റെയും നോഹയുടെയും കാലത്ത് സംഭവിച്ചത് നാം മറന്നു പോകരുത്. ചുവരെഴുത്ത് ദൈവിക ന്യായവിധിയെ കാണിക്കുന്നു. ദൈവിക ന്യായവിധിയുടെ മുമ്പിൽ ഏതു വീരനെന്നു പറയുന്നവരും താളടിയാകും.

ഈ സംഭവം ലോകജ്ഞാനത്തിന്റെ പോരായ്മ വ്യക്തമാക്കുന്നു. ലോകജ്ഞാനികൾക്ക് ദൈവിക ന്യായവിധിയുടെ ചുവരെഴുത്ത് മന സ്സിലാക്കാൻ ഇന്നും കഴിയുന്നില്ല (2 പത്രൊസ് 3:5-7). ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തി കെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തു മിരിക്കുന്നു എന്ന് ലോകം അറിയുന്നില്ല. ദൈവിക ന്യായവിധിയിൽ നിന്ന് മനുഷ്യന് തെറ്റി ഒഴിയാൻ കഴിയുന്നതല്ല. പാപം ചെയ്യുന്ന ദേഹി മരിക്കും എന്നുള്ള ദൈവിക വിധിയിൽ നിന്നു മോചനം ലഭിക്കുന്ന തിനു ദൈവം യേശുക്രിസ്തുവിൽ കൂടി ഒരു മാർഗ്ഗം ഒരുക്കിയിരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല. ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ. 8:1). നാം എവിടെ പോയാലും നമ്മുടെ വിശുദ്ധി കാത്തു സൂക്ഷിക്കണം. മനുഷ്യൻ കാണുന്നുവോ എന്നല്ല കർത്താവ് കാണുന്നുവോ എന്ന് നാം ചിന്തിക്കണം. ശദ്രക്, മേശക്, അബേദ്-നെഗോ എന്നീ ദൈവത്തിന്റെ ദാസന്മാരെപോലെ എന്തും വിവേചിപ്പാനുള്ള ഒരു കൃപ ദൈവം പക രട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**സിനി ബിനു, വെണ്ണിക്കുളം**

*"യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുവിൻ;*
*നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ.*
*നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ*
*അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ"* (സങ്കീ. 122:6,7)

# എളിയ സഹോദരൻ തന്റെ ഉയർച്ചയിലും ധനവാൻ തന്റെ എളിമയിലും പ്രശംസിക്കട്ടെ (യാക്കോ.1:9)

ഭൗതിക ലോകത്തിലെന്നപോലെതന്നെ ആത്മീയഗോളത്തിലും എളിയവനും ധനവാനും എന്ന അന്തരമുണ്ട്. ഏതു തരത്തിലുള്ള മനുഷ്യരായാലും അവരെല്ലാം പ്രശംസ അർഹിക്കുന്നവരാണ്. എന്നാൽ ലൗകികരുടെ പ്രശംസയ്ക്കും ആത്മീയരുടെ പ്രശംസയ്ക്കും വ്യത്യാസമുണ്ട്. ലൗകികനായ ദരിദ്രന് പ്രശംസിപ്പാനൊന്നുമില്ല. ധനവാനോ പ്രശംസിക്കാൻ വളരെയുണ്ട്. തന്റെ ധനത്തിൽ, ജ്ഞാനത്തിൽ, ബലത്തിൽ, പാരമ്പര്യത്തിൽ, പ്രശസ്തിയിൽ ഇവയിലൊക്കെ ധനവാൻ പ്രശംസിക്കുന്നു. എന്നാൽ ദൈവത്തിന് ദരിദ്രനെന്നോ ധനവാനെന്നോ വ്യത്യാസമില്ല. അവർ പ്രശംസിക്കേണ്ടത് ഏതു വിധമാണെന്നാണ് മേലുദ്ധരിച്ച വാക്യശകലത്തിൽ പറഞ്ഞിരിക്കുന്നത്.

**എളിയ സഹോദരൻ തന്റെ ഉയർച്ചയിൽ പ്രശംസിക്കട്ടെ**

എളിയവനെ ധനവാന്റെ മറുഭാഗമായി പറഞ്ഞിരിക്കുന്നതിനാൽ ദരിദ്രനെന്നു വിവക്ഷിക്കാം. അവന് എന്താണുയർച്ച? ലൗകികമായി ചിന്തിച്ചാൽ അവന്നു ഉയർച്ച കണ്ടെത്താൻ സാധിച്ചെന്നു വരികയില്ല. അവൻ ഭൗതികമായി ദരിദ്രനെങ്കിലും ആത്മീയമായി സമ്പന്നനാണ്. അവനു പ്രശംസിക്കാൻ വളരെ അധികമുണ്ട്. അവൻ എളിയവനെങ്കിലും സഹോദരനാണ്, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്. സ്വർഗ്ഗീയ പൗരൻ, വിശുദ്ധന്മാരുടെ സഹപൗരൻ, ദൈവത്തിന്റെ ഭവനക്കാരൻ (എഫെ.2:19), ആത്മീയാനുഗ്രഹം ലഭിച്ചവൻ (എഫെ.1:3), വിശ്വാസത്തിൽ സമ്പന്നൻ (യാക്കോ. 2:5), ദൈവരാജ്യത്തിന്നവകാശി (യാക്കോ. 2:5), വിലയേറിയവൻ, മാന്യൻ (യെശ.43:4), ആത്മീയ സമ്പത്തിന്നുടമ (വെളി.2:9), ദൈവത്തിന്റെ മന്ദിരം, ദൈവത്തിന്റെ ആത്മാവു ഉള്ളിൽ വസിക്കുന്നവൻ (1 കൊരി.3:16) എന്നിങ്ങനെ പോകുന്നു അവന്റെ ഉയർച്ച. ദൈവമാണവന്റെ സമ്പത്ത്. ദൈവം എളിയവനെ പൊടിയിൽ നിന്ന് എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്ന് ഉയർത്തുകയും ചെയ്തു; പ്രഭുക്കന്മാരോടുകൂടെ, തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ തന്നെ ഇരുത്തുന്നു (സങ്കീ.113:7,8),

എളിയ സഹോദരനായ ലാസർ മരിച്ചപ്പോൾ അവനെ എതിരേല്പാൻ ദൂതന്മാർ വരുന്നു (ലൂക്കൊ. 16:22). കാരണം അവന്റെ പ്രശംസ ക്രൂശിലാണ് (ഗലാ.6:14). ലോകത്തിൽ അവന്നു പ്രശംസിപ്പാൻ

ഒന്നുമില്ല. അവന്റെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ക്രിസ്തുവത്രേ. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്ത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും (ഫിലി.4:19). ക്രിസ്തുവിന്റെ കൃപാസനത്തിനടുത്ത് അവന്നു എപ്പോഴും കടന്നു വരാം (എബ്രാ.4:16). അവന്നു വിശന്നാൽ ഭക്ഷിക്കാൻ ജീവന്റെ അപ്പമുണ്ട്. ദാഹം തീർക്കാൻ ജീവജലമുണ്ട്. ദരിദ്രനോടു സുവിശേഷം അറിയിപ്പാനാണു കർത്താവു വന്നത്. ആട്ടിടയന്മാർക്കാണ് രക്ഷകന്റെ ജനനവാർത്ത ആദ്യം ലഭിച്ചത്. ദരിദ്രനെ ധനവാനാക്കാനാണ് കർത്താവ് ദരിദ്രനായിത്തീർന്നത് (2 കൊരി 8:9). ദരിദ്രയായ വിധവയുടെ രണ്ടു കാശിന് കർത്താവ് ധനവാന്മാർ ഇട്ട വഴിപാടിനേക്കാൾ വില കല്പിക്കുന്നു. കാരണം എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നു ഇട്ടു. വിധവയോ തന്റെ ഇല്ലായ്മയിൽ നിന്ന് തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടിരിക്കുന്നു.

പരിശോധനകൾ വന്നു ക്ഷീണിക്കുമ്പോൾ ദൈവം എളിയ സഹോദരനെ ഉപേക്ഷിക്കയില്ല. ദൈവഭക്തനായ ഏലിയാവ് പരിക്ഷീണനായി ചൂരച്ചെടിയുടെ കീഴിൽ മരണം ആഗ്രഹിച്ചു കിടക്കുമ്പോൾ ദൈവം അവനെ ധൈര്യപ്പെടുത്തുവാൻ തന്റെ ദൂതനെ അയച്ചു. അപ്പവും വെള്ളവും കൊടുത്ത് അവനെ ബലപ്പെടുത്തുന്നു. ആ ഭക്ഷണത്തിന്റെ ബലം കൊണ്ട് ദൈവദാസൻ നാല്പതു രാവും നാല്പതു പകലും ഹോരേബോളം നടന്നു. ദൈവശബ്ദം കേട്ടു. ദൈവകല്പന പ്രകാരം രണ്ടു രാജാക്കന്മാരെയും ഒരു പ്രവാചകനെയും അഭിഷേകം ചെയ്തു (1 രാജാ.19).

രക്ഷിക്കപ്പെട്ട ഒരു വ്യക്തി നിരാശയിലും അപകർഷതാബോധത്തിലും കഴിയുവാൻ പാടില്ല. അവൻ തനിക്കു ലഭിച്ചിരിക്കുന്ന ആത്മീയ പദവിയിൽ സന്തോഷിക്കണം. ആകയാൽ ആരും മനുഷ്യനിൽ പ്രശംസിക്കരുത്. ദൈവത്തിൽ പ്രശംസിപ്പിൻ. നാം ദൈവത്തിനുള്ള സകലതിന്റെയും അവകാശികളാണ്. ക്രിസ്തുവിന്റെ കൂട്ടവകാശികളാണ്.

**ധനവാൻ തന്റെ എളിമയിൽ പ്രശംസിക്കട്ടെ**

ആത്മീയ ഗോളത്തിൽ ദരിദ്രൻ മാത്രമല്ല ധനവാനുമുണ്ട്. അവർ തന്റെ ധനത്തിലല്ല എളിമയിലാണ് പ്രശംസിക്കാൻ പറയുന്നത്. കാരണം ധനവും പ്രതാപവുമെല്ലാം പുല്ലിന്റെ പൂ പോലെ ക്ഷണികമാണ്. സൂര്യൻ ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ട് പുല്ലുണങ്ങി പൂവുതിർന്നു അതിന്റെ രൂപഭംഗി കെട്ടു പോകുന്നു. അതുപോലെ ധനവാനും തന്റെ പ്രയത്നങ്ങളിൽ വാടിപ്പോകും. ധനവാനെ സഹോദരൻ എന്നു അഭിസംബോധന ചെയ്തിട്ടില്ല. പണം വർദ്ധിച്ചാൽ അഹങ്കാരം വർദ്ധിക്കുവാൻ സാധ്യതയുണ്ട്. ദൈവത്തിനു സമർപ്പിക്കാത്ത ധനത്തിന്റെ വ്യർത്ഥത

യാണ് ഇവിടെ കാണുന്നത്. ധനം ഏതുമില്ലെന്നു മനസ്സിലാക്കി അതു വിനയത്തോടെ വിനിമയം ചെയ്യുന്നുവെങ്കിൽ ദൈവമുമ്പാകെ പ്രശംസ യുണ്ടാകും. കാരണം സകലവും അവനിൽ നിന്നും അവനാലും അവങ്ക ലേക്കും ആകുന്നുവല്ലോ (റോമ.11:36).

അബ്രഹാം, മോശെ, ദാവീദ്, യോസേഫ് തുടങ്ങിയവരെല്ലാം ധനവാന്മാരായിരുന്നു. എന്നാൽ അവർ എളിമ (താഴ്മ) ധരിച്ചവരായി രുന്നു. ആയതിനാൽ അവരൊക്കെയും ആത്മീയസമ്പത്തിന്നുടമക ളായിരുന്നു. ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു; താഴ്മയുള്ള വർക്കോ കൃപ നല്കുന്നു. കൃപ ലഭിച്ചവർക്കു ദൈവത്തിനു കീഴടങ്ങിയി രിക്കാനും പിശാചിനോട് എതിർത്തു നില്പാനും കഴിയും.

ധനം ഉണ്ടാകുന്നതു പാപമല്ല. ധനം കൈകാര്യം ചെയ്യുന്നതി ലാണ് ശ്രദ്ധ വേണ്ടത്. ധനം കൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തിയ വ്യക്തികളെ നമുക്കു പഴയനിയമത്തിലും പുതിയനിയമത്തിലും കാണാൻ സാധിക്കും. അബ്രഹാമും ഇയ്യോബും തന്റെ ധനം കൊണ്ട് മറ്റുള്ളവരെ സേവിക്കുന്നവരായിരുന്നു. പുതിയനിയമത്തിൽ ഗായോ സിനെപ്പറ്റി പൗലൊസും യോഹന്നാൻ അപ്പൊസ്തലനും അതിഥി സൽക്കാരപ്രിയനായി രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ വസ്തു വകകൾ കൊണ്ടു ദൈവവേല ചെയ്ത സ്ത്രീകളെയും നമുക്കു പുതിയ നിയമത്തിൽ കാണാൻ സാധിക്കും. ഫേബ, ലുദിയ, മർക്കൊസിന്റെ അമ്മ മറിയ തുടങ്ങിയവരൊക്കെ ഇത്തരുണത്തിൽ ശ്രദ്ധേയരത്രേ.

പ്രിയ സഹോദരിമാരേ, എളിയ സഹോദരൻ എന്നും ധനവാൻ എന്നും പുല്ലിംഗത്തിൽ പറഞ്ഞിരിക്കുന്നുവെങ്കിലും അതൊക്കെയും സഹോദരിമാരായ നമുക്കും ബാധകമാണ്. നാമും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും സ്വർഗ്ഗത്തിലെ സകല ആത്മീയ സമ്പത്തിനും ഉടമകളുമാണ്. ധനം വിശ്വാസിയെ ദൈവത്തോടടുപ്പിക്കുന്നില്ല; ദാരിദ്ര്യം വിശ്വാസിയെ ദൈവത്തിൽ നിന്നകറ്റുന്നതുമില്ല. രണ്ടും ദൈവത്തിന് ഒരുപോലെയാണ്. രണ്ടിന്റെയും കാരണഭൂതൻ ദൈവമാണ്. ദൈവം ഏതു തന്നാലും അതിലൂടെ ദൈവത്തിനു മഹത്ത്വം കൊടുക്കുക അതാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ദൈവത്തിനു പ്രസാദമുള്ള പ്രശംസയോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിക്കുന്നതു തന്നെ (യിരെ 9:24). അതുകൊണ്ടു പ്രിയ സഹോദരിമാരേ, സങ്കീർത്തനക്കാരനോടു ചേർന്നു നമുക്കും പറയാം: എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവ ആകുന്നു. അളവുനൂൽ എനിക്കു മനോഹരദേശത്തു വീണിരിക്കുന്നു; അതേ, എനിക്കു നല്ലോരവകാശം ലഭിച്ചിരിക്കുന്നു.

**ജോയമ്മ സാംസൺ, കൊല്ലം**

# രൂത്തിന്റെ പുസ്തകം - ലഘുപഠനം

ന്യായാധിപന്മാർ ന്യായപാലനം ചെയ്തിരുന്ന കാലം ന്യായാ. 21:25 ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു. ജനം ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു. യിസ്രായേൽ (യഹൂദാ ജനം) മത്സരികളായിത്തീർന്നതിനാൽ ദൈവം അവരെ ശത്രുക്കളുടെ കൈയ്യിൽ ഏല്പിക്കുകയും, അവർ മടങ്ങിവന്നു ദൈവത്തോടു കരയുകയും ചെയ്യുമ്പോൾ ദൈവം അവർക്കു ന്യായാധിപന്മാരെ എഴുന്നേല്പിക്കും. അവരുടെ കാലം കഴിയുമ്പോൾ ജനം വീണ്ടും പിന്മാറിപ്പോകുകയും ശത്രുക്കളാൽ തോല്പിക്കപ്പെടുമ്പോൾ മടങ്ങിവന്നു വീണ്ടും ദൈവത്തോടു കരയും. ദൈവം വേറൊരു ന്യായാധിപനെ നിയമിക്കും. അങ്ങനെയിരിക്കെയാണ് അപ്പത്തിന്റെ ഭവനമായ ബേത്ത്ലേഹെമിൽ ക്ഷാമം ഉണ്ടാകുന്നത്. ക്ഷാമം, കഷ്ടത, രോഗം ദൈവജനത്തിന്റെ ഭവനങ്ങളിലും ഉണ്ടാകും. ഈ സത്യം നാം മറന്നുപോകരുത്. അപ്പോൾ നാം ദൈവസാന്നിദ്ധ്യം വിട്ട് ഓടിപ്പോകയല്ല ചെയ്യേണ്ടത്. ഒരു കുടുംബത്തിന്റെ നാശം അങ്ങനെയാണ് സംഭവിച്ചത്. യഹൂദ്യയിലെ എഫ്രാത്യനായ എലീമേലെക് ക്ഷാമം നിമിത്തം അപ്പത്തിന്റെ ഭവനമായ ബേത്ത്ലേഹെം വിട്ട് കുടുംബസമേതം മോവാബിലേക്കു പോകുന്നു. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം പത്താം തലമുറയ്ക്കുപോലും ദൈവസന്നിധിയിൽ കടന്നുവരുവാൻ അനുവാദമില്ലാതിരുന്ന ശപിക്കപ്പെട്ട ജാതിയായ മോവാബ്യരോട് യാതൊരു സഖ്യവും പാടില്ല. അപ്പത്തിന്റെ ഭവനത്തിൽ ക്ഷാമവും പ്രതികൂലങ്ങളും നേരിട്ടാലും ദൈവം കൈവിടുകയില്ല. അല്പനാൾ കഴിയുമ്പോൾ ക്ഷാമം മാറും. അനുഗ്രഹസമൃദ്ധി ഉണ്ടാകും. ഒരു ദൈവപൈതൽ ദൈവത്തിൽ ആശ്രയിച്ച്, പ്രതികൂലങ്ങളെ തരണം ചെയ്യണം. വിശ്വാസം ത്യജിച്ച്, പിന്മാറ്റത്തിന്റെ പടുകുഴിയിലേക്ക് നിപതിക്കുവാൻ പാടില്ല. ചുറ്റുപാടും പലതും നമ്മെ ആകർഷിക്കുവാൻ കാരണം. അതിൽ ചെന്നുപെട്ടാൽ പലപ്പോഴും പരാജിതരായിപ്പോകുവാൻ ഇടയുണ്ട്. 'ഇക്കരെ നില്ക്കുമ്പോൾ അക്കരെ പച്ച' ദൈവ പൈതലേ സൂക്ഷിക്കുക.

എലീമേലെക്കിന്റെ ഈ തീരുമാനത്തിന്റെ മുമ്പിൽ നൊവോമി വളരെ പരിഭ്രമിച്ചു പോയിട്ടുണ്ട്. ഭർത്താവിനു കീഴ്പ്പെട്ടു കൊണ്ടുതന്നെ, ഈ ഉദ്യമത്തിൽ നിന്നു പിൻതിരിപ്പിക്കുവാൻ കിണഞ്ഞു ശ്രമിച്ചു കാണും. ഇക്കാര്യം ദൈവഹിതപ്രകാരമാണോ എന്നു ചിന്തിച്ച്, പ്രാർത്ഥ

നയോടെ, സാവകാശത്തിൽ തീരുമാനം എടുക്കാമെന്ന് അപേക്ഷിച്ചി ട്ടുണ്ട്. ഒരു കുടുംബത്തിന്റെയും അതിന്റെ പവിത്രമായ സ്നേഹബന്ധ ത്തിന്റെ തകർച്ചയും ഒറ്റയാൾ തീരുമാനത്തിന്റെ തിക്താനുഭവങ്ങളും, ദൈവത്തിന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രദർശനവും ഈ പുസ്തകത്തിൽ ഉടനീളം കാണാം. പിൻമാറ്റത്തിലേക്കു പോയാലും അനുതാപത്തോടെ മടങ്ങി വന്നാൽ ദീർഘക്ഷമയോടെ പിന്നെയും ചേർത്തണച്ച് അനുഗ്രഹിക്കുന്ന ദൈവമാണ് നമ്മുടെ സ്വർഗ്ഗീയ പിതാവ്. സ്തോത്രം. 'നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു. അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ? വിലാ.3:22. എലീ മേലെക്ക് = GOD IS MY KING, നൊവൊമി = PLEASANT, RUTH = FRIEND, GRACE എലീമേലെക്കിനു തന്റെ പേരിന്റെ അർത്ഥം കാത്തു സൂക്ഷിക്കുവാൻ കഴിഞ്ഞില്ല. പ്രധാന കഥാപാത്രമായ രൂത്ത് ജന്മം കൊണ്ട് മോവാബ്യ സ്ത്രീ, വിഗ്രഹാരാധി, പിൽക്കാലത്ത് ജീവനുള്ള ദൈവത്തോടു പറ്റിച്ചേർന്നു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ എത്തിച്ചേരുവാൻ ഭാഗ്യം ലഭിച്ചു. ദൈവത്തിന്റെ അദൃശ പദ്ധതി എത്ര അത്ഭുതകരം.

എലീമേലെക് സകുടുംബമാണ്, ഭാര്യ, രണ്ട് ആൺ മക്കൾ - മോവാബിലേക്കു പോയത്. ഒരു കുടുംബനാഥന്റെ തെറ്റായ ചുവടുവ യ്പിൽ, ദൈവസാന്നിദ്ധ്യം വിട്ട് പിന്മാറ്റത്തിൽ പോയതിനാൽ തകർന്ന ടിഞ്ഞുപോയ ഒരു കുടുംബം. എത്ര ശോചനീയമായ അവസ്ഥ. സ്വഭർത്താവിനു കീഴടങ്ങിയിരിക്കേണ്ട ഭാര്യ എന്ന ബോദ്ധ്യത്തോടെ, അക്കാര്യത്തിൽ വിട്ടുവീഴ്ച വരുത്താതെ എത്രവട്ടം ഭർത്താവിനെ ഓർമ്മപ്പെടുത്തിക്കാണും, തിടുക്കത്തിൽ ഒരു തീരുമാനമെടുക്കാതെ കർത്താവിനോടു ആലോചന ചോദിച്ചു സാവകാശമായി ആലോചിച്ചു കാര്യങ്ങൾ ചെയ്യാം. എന്നാൽ മക്കളെയും കൊണ്ടും ഭർത്താവിനോ ടൊപ്പം മോവാബിലേക്കു പോകേണ്ടിവന്നു നൊവൊമിക്ക്. എത്രനാൾ കഴിഞ്ഞുവെന്ന് രേഖയില്ലെങ്കിലും ദൈവം എലീമേലെക്കിനെ വെട്ടി മാറ്റി. നൊമൊമി ഹൃദയഭാരം താങ്ങുവാനാകാതെ പിതൃഭവനത്തെ നോക്കി കണ്ണീർ വാർത്തു. പുത്രന്മാർ ഇരുവരും വളർന്നുകൊണ്ടിരി ക്കുന്നു. ദൈവമില്ലാത്ത വിഗ്രഹാരാധികളുടെ ഇടയിൽ എങ്ങനെ ദൈവ ഭയത്തിൽ മക്കളെ വളർത്തും? വൈകാതെ അവർ യൗവ്വന പ്രായത്തി ലെത്തും മോവാബിൽ തുടർന്നാലുള്ള അവസ്ഥ ചിന്തിക്കുവാനേ കഴി യുന്നില്ല. പല പ്രാവശ്യം മക്കളോട്, 'മക്കളേ നമുക്ക് മടങ്ങിപ്പോകാമെന്ന്' പറഞ്ഞു കാണും. അവൾ വിധവയും നിസ്സഹായയുമായി. അവർക്കും മനസ്സില്ല. ഒടുവിൽ ഭയപ്പെട്ടതു തന്നെ ഭവിച്ചു. അമ്മയുടെ വാക്കനുസ രിക്കാതെ പുത്രന്മാർ ആ ദേശത്തു നിന്നു തന്നെ ഭാര്യമാരെ എടുക്കുന്നു.

ഓർപ്പാ, രൂത്ത് എന്ന മോവാബ്യ യുവതികൾ നൊവൊമിക്കു മരുമക്ക ളായി. അങ്ങനെ മോവാബിൽ വേർ ഉറപ്പിച്ചു. "തൻ മക്കളും തന്നോളമാ യാൽ താനെന്നു വിളിക്കണം. "അതേ, ഒരു മാതാവ് കീഴടങ്ങേണ്ടി വന്നു. എന്നാൽ 10 വർഷത്തെ അവരുടെ ദാമ്പത്യ ജീവിതത്തിൽ മക്കൾ ഇരു വർക്കും മഹ്ലോനും കില്യോനും - ദൈവം തലമുറകളെ കൊടുത്തില്ല. ദൈവത്തിന്റെ വലിയ പദ്ധതി. ദൈവത്തിനു അതിന്റെ പിറകിൽ വലിയ ഉദ്ദേശ്യം ഉണ്ടായിരുന്നു. ദൈവത്തിന് യാതൊന്നും അവിചാരിതമല്ല.

ദൈവത്തോടു ആലോചന ചോദിക്കാതെ, അപ്പത്തിന്റെ ഭവനം വിട്ട് വിഗ്രഹാരാധികളുടെ മദ്ധ്യത്തിലേക്ക്, പിന്മാറ്റത്തിലേക്ക്, കുടും ബമായി പോയ എലീമേലെക്കിനെയും രണ്ടു പുത്രന്മാരെയും മരണം വഴിയായി മാറ്റി അധഃപതനത്തിലേക്കു കുടുംബം നിപതിച്ചു. നൊവൊ മിയും രണ്ട് യൗവ്വനക്കാരത്തികളായ മോവാബ്യ മരുമക്കളും ശേഷിച്ചു. Pleasant (സന്തോഷം) ആയ നൊവൊമി കയ്പ് (മാറാ) അനുഭവത്തി ലേക്കു മാറി. എത്ര ദുഃഖകരം!! ഒരു ദൈവപൈതൽ ഏതൊരു തീരു മാനവും ദൈവത്തിന്റെ ആലോചന പ്രകാരം കുടുംബത്തോട് ആലോ ചിച്ച് ചെയ്യണമെന്ന് ഒരു വലിയ പാഠം നാം പഠിക്കണം. ഒറ്റയാൻ തീരുമാനം നാശത്തിലേക്കേ കൊണ്ടെത്തിക്കുകയുള്ളൂ. തിരുവചന ത്തിൽ നിന്നും അനേക ഉദാഹരണങ്ങൾ നമുക്ക് ലഭിക്കും. പാപം ലോക ത്തിൽ കടന്നതു തന്നെ, തന്റെ ഭർത്താവിനോടോ, ദൈവത്തോടോ ആലോചന ചോദിക്കാതെ സർപ്പം പറഞ്ഞതു സ്വീകരിച്ചു ഹവ്വാ തീരു മാനമെടുത്തു ദൈവത്തോടു അനുസരണക്കേടു കാണിച്ചതാണ്. അന ന്തരം ഫലം കയ്പേറിയതും തിരുത്തുവാൻ കഴിയാത്തതുമായി മനു ഷ്യവർഗ്ഗത്തെ പാപത്തിലേക്കും മരണത്തിലേക്കും നിത്യമായി തള്ളി യിട്ടു. സഹോദരിമാരെ, ഇതു നമുക്ക് ഭയനിർദ്ദേശമായിരിക്കട്ടെ.

നൊവൊമി പെൺമക്കളെ ഇരുവരെയും ആഴമായി സ്നേഹിച്ചും താൻ സേവിക്കുന്ന, സ്നേഹിക്കുന്ന, ആരാധിക്കുന്ന ജീവനുള്ള ദൈവത്തെ അവർക്കു വരച്ചു കാട്ടിക്കൊടുത്തും, അവരുടെ മുമ്പിൽ ജീവിക്കുന്ന സാക്ഷിയായി. ദൈവഭയവും ഭക്തിയും എന്തെന്നു പഠി പ്പിച്ചു. ഒരു യഥാർത്ഥ മാതാവായി, മാതൃകയായി, ദൈവസ്നേഹം പകർന്നു കൊടുത്തു ജീവിച്ചു. നൊവൊമി തന്റെ സ്വന്തനാട്ടിലേക്കു മടങ്ങിപ്പോകുവാൻ തന്നെ നിശ്ചയിച്ചുറച്ചു. പിന്മാറ്റത്തിൽ നിന്നുള്ള യഥാസ്ഥാനവും മടങ്ങിവരവും ദൈവം മാനിക്കുന്നു. മടങ്ങിപ്പോകുവാൻ തന്റെ മരുമക്കളുമായി യാത്ര ആരംഭിച്ചു. എങ്കിലും അവരുടെ ഭാവി യെക്കുറിച്ച് ചിന്തിച്ച് ഇപ്പോൾ അവരെ സ്വന്ത ഭവനങ്ങളിലേക്കു മടങ്ങി പ്പോകുവാൻ കാര്യകാരണങ്ങൾ കാട്ടി നിർബ്ബന്ധിക്കുന്നു. ദുഃഖത്തോ

ടെയെങ്കിലും ഓർപ്പ അമ്മയെ ചുംബിച്ചു സ്വഭവനത്തിലേക്കു പോയി.

**രൂത്തിന്റെ പറ്റിച്ചേരൽ 1:16–18** എന്നാൽ രൂത്ത് അമ്മാവിയമ്മയോടു പറ്റിച്ചേർന്നു. ആ പറ്റിച്ചേരൽ അമ്മയോടും അമ്മയുടെ ദൈവത്തോടും ആയിരുന്നതിനാൽ വേർപെടുത്തുവാൻ സാദ്ധ്യമല്ലായിരുന്നു. പിരിച്ചു മാറ്റുവാൻ കഴിയാത്ത അരക്കിട്ട് ഉറപ്പിച്ച, ഉറച്ച തീരുമാനത്തിന്റെ പറ്റിച്ചേരൽ; വാക്കിലല്ല പ്രവൃത്തിയിൽ എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോടു പറ്റിച്ചേരുന്ന നിങ്ങൾ ഒക്കെയും ജീവനോടിരിക്കുന്നു (ആവ.4:4) അവനോടു ചേർന്നിരിക്കുന്ന 13:5, 30:20. യിസ്ഹാക് റിബേക്കയെ ഭാര്യയായി സ്വീകരിച്ച് അവളോടു പറ്റിച്ചേർന്നപ്പോൾ അമ്മയുടെ മരണദുഃഖം മാറി. രൂത്തിന്റെ പറ്റിച്ചേരലിൽ 7 കാര്യങ്ങൾ 1:16–18 വിസ്താരഭയത്താൽ വിവരിക്കുന്നില്ല.

1. വിട്ടുപിരിയാതെ – വിട്ടുപിരിയുവാൻ പറയരുതേ,
2. കൂടെ ഇരിപ്പാൻ – കൂടെ വരാതെ മടങ്ങിപ്പോകുവാൻ പറയരുതേ,
3. അമ്മ പോകുന്നേടത്തേക്കു പോകുവാൻ – കൂടെ പോകുന്ന
4. അമ്മ പാർക്കുന്നേടത്തു – സ്വന്തദേശം വിട്ട് അന്യദേശത്തേക്കു പോകുന്ന
5. നിന്റെ ജനം എന്റെ ജനം – സ്വജനത്തെ വിട്ട് അമ്മയുടെ ജനത്തോടു ചേരുക
6. നിന്റെ ദൈവം എന്റെ ദൈവം – വിഗ്രഹത്തെ വിട്ട് ജീവനുള്ള ദൈവത്തിലേക്ക്
7. നീ മരിക്കുന്നേടത്തു ഞാനും മരിച്ച് അടക്കപ്പെടും

പ്രത്യാശയുടെ അത്യുന്നത പറ്റിച്ചേരൽ – മരണത്താലല്ലാതെ വിട്ടുപിരിയുവാൻ കഴിയാത്ത പറ്റിച്ചേരൽ.

ഒരു ദൈവപൈതൽ വിഗ്രഹത്തെ വിട്ട് ജീവനുള്ള ദൈവത്തിൽ വിശ്വാസം അർപ്പിച്ച് ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ എത്ര ഉറപ്പും ധൈര്യവും പ്രത്യാശയുമാണ്. രൂത്തിന് ഈ ഉറച്ച തീരുമാനം ജീവനുള്ള ദൈവത്തിലുള്ള വിശ്വാസം മൂലം മാത്രമാണ്. അമ്മാവിയമ്മയുടെ സ്നേഹവും കരുതലും ജീവിതവും ദൈവഭക്തിയുമാണ് അതിന് കാരണം. പ്രിയ സഹോദരിമാരേ, നൊവൊമിയെപ്പോലെ നമുക്കും സ്നേഹമുള്ള അമ്മയാകാം. രൂത്തിനെപ്പോലെ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴിലുള്ള ആശ്രയം മാത്രമുള്ളവരായി മുന്നേറാം. ദൈവം നമ്മെ ജയോത്സവമായി നടത്തും. ഈ ഉറച്ച തീരുമാനവും വിശ്വാസവും പറ്റിച്ചേരലും ചേർത്തു പിടിക്കലും നമ്മുടെയും ജീവിതത്തിൽ ദൈവം അനുഗ്രഹിച്ചു നല്കട്ടെ. സകല മഹത്ത്വവും സ്തോത്രവും സർവ്വശക്തനാണ്. ആമേൻ. *(തുടരും....)*

**തങ്കമ്മ സാം, തിരുവനന്തപുരം**

# പ്രശ്നങ്ങൾക്കുള്ള പരിഹാരം എവിടെ?

കുടുംബജീവിത പ്രശ്നങ്ങൾ മാനുഷികപ്രശ്നങ്ങളാണ്. ദമ്പതികൾ ഇഴുകിച്ചേർന്ന് ഒന്നാകുന്ന പ്രക്രിയയിൽ ഉണ്ടാകാവുന്ന സ്വയം ക്രമീകരണങ്ങളുടെ ഭാഗമായി അന്യോന്യം മനസ്സിലാക്കുന്നതിലും ആശയവിനിമയത്തിലും അമിത പ്രതീക്ഷകളുടെ വേലിയേറ്റങ്ങളിലുംപെട്ട് താൽക്കാലികമായ ധാരണപ്പിശകുകൾ ഉണ്ടാക്കുക എന്നത് സർവ്വസാധാരണമാണ്. അവ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യും. എന്നാൽ അവ ജഡത്തിന്റെ ആയുധങ്ങളാക്കി തമ്മിൽ യുദ്ധം ചെയ്യുമ്പോഴാണ് പ്രശ്നങ്ങൾ ഗുരുതരം ആകുന്നതും വെറുപ്പും വിദ്വേഷവും പൊട്ടിമുളച്ചു കുറേശ്ശെ വളരുന്നതും. സാത്താൻ ഇതിന് വഴിയൊരുക്കി തരുമെങ്കിലും കുറ്റം പ്രധാനമായും ദൈവമക്കൾക്ക് ജഡത്തിന്റെമേൽ ആത്മാവിന്റെ വിജയം ലഭിക്കാത്തതുമൂലമാണ്. ജഡത്തെ നിരന്തരമായി ക്രൂശിക്കുന്ന അനുഭവത്തിൽ ജീവിച്ചാൽ മാത്രമെ ആത്മാവിന്റെ വിജയം ദമ്പതികൾക്ക് ലഭിക്കുകയുള്ളൂ. ആകയാൽ നീണ്ടു നില്ക്കുന്ന എല്ലാ കുടുംബജീവിതപ്രശ്നങ്ങൾക്കുമുള്ള ആത്യന്തികമായ പരിഹാരം ദൈനംദിനം ജഡത്തെ ക്രൂശിച്ചു ജീവിക്കുക എന്നതാണ്. ഇങ്ങനെ ജഡത്തിന്മേൽ ആത്മാവിന് ലഭിക്കുമാറ് നിരന്തരം ജഡത്തെ ക്രൂശിച്ചുള്ള ജീവിതത്തെക്കുറിച്ച് കൊലൊസ്യ ലേഖനത്തിൽ പൗലൊസ് സവിസ്തരം പ്രസ്താവിക്കുന്നുണ്ട് (കൊലൊസ്യർ 3:5-17). അതിൽ മരിപ്പിക്കേണ്ട ചിലത് (ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, അത്യാഗ്രഹം. വാക്യം 5) വിട്ടുകളയേണ്ട ചിലതെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു (കോപം, ക്രോധം, ഈർഷ്യ, ദൂഷണം, ദുർഭാഷണം എന്നിവ! (വാക്യം 8) ഭോഷ്ക്കു പറയാതെ എപ്പോഴും സത്യം മാത്രം തമ്മിൽ പറയണം (വാക്യം 9). പഴയ (പ്രാകൃത) മനുഷ്യനെ അവന്റെ ജഡിക പ്രവൃത്തികളോടെ ഉരിഞ്ഞുകളഞ്ഞിട്ട് പുതുക്കം പ്രാപിച്ച് പുതിയ ആത്മീയ മനുഷ്യന്റെ സ്വഭാവമായ നീതിയുടെ പ്രവൃത്തികൾ ധരിക്കണം (വാക്യം 10). അതായത് ആത്മീയ മനുഷ്യന്റെ സ്വഭാവങ്ങൾ ജീവിതത്തിലും പെരുമാറ്റത്തിലും വിളങ്ങിക്കാണുമാറ് മനസ്സലിവ്, താഴ്മ, ദയ, സൗമ്യത, ദീർഘക്ഷമ, സ്നേഹം ഇവ ധരിക്കുക (വാക്യം 12, 14).

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

ദമ്പതികൾക്ക് സുപ്രധാനമായ രണ്ട് സ്വഭാവങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഒന്നാമത് കുറ്റം കണ്ടുപിടിക്കുന്ന പ്രവണതകളെ ക്രൂശിച്ചിട്ട് 12, 14 വാക്യങ്ങളിൽ പറയുന്നതുപോലെ അന്യോന്യം പൊറുക്കുകയും തമ്മിൽ ക്ഷമിക്കുകയും ചെയ്യുക. ഇക്കാര്യത്തിൽ കർത്താവിന്റെ മാതൃക പിൻപറ്റാനാണ് ദമ്പതികൾക്കുള്ള ആഹ്വാനം അഥവാ കല്പന (വാക്യം 13). എല്ലാ സാഹചര്യങ്ങളിലും സകലബുദ്ധിയെയും കവിയുന്ന ദിവ്യസമാധാനം ക്രിസ്തുവിൽ നിന്നും പ്രാപിച്ച്, നന്ദിയുള്ളവരായി ജീവിക്കാൻ വചനം അനുശാസിക്കുന്നു (വാക്യം15). രണ്ടാമതായി ആത്മീയജീവിതം ക്രമപ്പെടുത്തി ഹൃദയത്തിൽ നിന്നും നാവിൽ നിന്നും സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും ദമ്പതികൾ തമ്മിൽ പഠിപ്പിച്ചും അന്യോന്യം ബുദ്ധി ഉപദേശിച്ചും പങ്കാളിക്കായി നന്ദിയോടെ ദൈവത്തിന് പാടിയും ദൈവവചനത്താൽ നിറയപ്പെട്ടും മുന്നോട്ടു പോകുന്ന ഒരു ദാമ്പത്യജീവിതം നയിക്കാനാണ് പൗലൊസ് ആഹ്വാനം ചെയ്യുന്നത് (വാക്യം 16). അന്യോന്യമുള്ള എല്ലാ ആശയവിനിമയത്തിലും ശാരീരിക ഭാഷയിലും പ്രവൃത്തികളിലും എന്തു ചെയ്താലും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യാൻ ദമ്പതികൾക്ക് ഇടയാകണം (വാക്യം 18). അങ്ങനെ ദമ്പതികൾക്ക് രണ്ടുപേർക്കും പങ്കാളിക്കു വേണ്ടി ദൈവത്തിനു സ്തോത്രം ചെയ്തുകൊണ്ടിരിക്കാൻ സാധിക്കും. ഇത്തരത്തിലുള്ള ദാമ്പത്യജീവിതത്തിൽ ഏതു പ്രശ്നമുണ്ടായാലും അത് ദൈവാത്മാവിന്റെ സഹായത്തോടെ വേഗത്തിൽ പരിഹരിച്ച് ഐക്യമത്യത്തോടെ ജീവിക്കാൻ സാധിക്കും. ഇങ്ങനെയുള്ള ഒരു കുടുംബജീവിതം തന്നെയാണ് ദൈവവചനം വിഭാവനം ചെയ്യുന്നത്.

മുകളിൽ വിവരിച്ച ആത്മീയ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ജീവിക്കുന്ന ദമ്പതികൾക്ക് വചനം നല്കുന്ന പ്രമാണങ്ങളാണ് മനഃപൂർവ്വമായ കീഴടങ്ങൽ, കലവറയില്ലാത്ത സ്നേഹം, കയ്പ്പില്ലായ്മ, ബഹുമാനം, ഒന്നിച്ചുള്ള പ്രാർത്ഥന, പകരം ചെയ്യാതിരിക്കൽ, സഹതാപം, പരസ്പര അനുഗ്രഹം, മനസ്സലിവ്, വിനയബുദ്ധി ഇവയുടെ പ്രദർശനം (കൊലൊസ്യർ 3:18; 19:1; 1 പത്രൊസ് 3:4-9; എഫെസ്യർ 4:1-32; 5:22-23). ഇതൊക്കെയുള്ള ദമ്പതികൾക്ക് സന്തോഷകരമായ കുടുംബജീവിതം നയിക്കുവാൻ സാധിക്കും.

വചനാനുസരണമുള്ള പ്രശ്നപരിഹാരത്തിന് അടിസ്ഥാനമായിരിക്കുന്നത് പങ്കാളികളിൽ ഉണ്ടായിരിക്കേണ്ട ആത്മനിറവിന്റെ അനുഭവവും തത്ഫലമായി കാണേണ്ട ആത്മാവിന്റെ ഫലങ്ങളുമാണ്. ആത്മാവിന്റെ ഫലങ്ങളിൽ കൊലൊസ്യർ, എഫെസ്യർ എന്നീ ലേഖനങ്ങളിൽ പറയുന്ന എല്ലാ “സ്വഭാവ പെരുമാറ്റ- ആശയവിനിമയ” പ്രത്യേകതകളും

ഉൾപ്പെടുന്നു എന്നു കാണാൻ കഴിയും. ഇതിൽനിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് വിജയകരവും സന്തോഷകരവും സാക്ഷ്യമുള്ളതും സംതൃപ്തികരവുമായ ഒരു കുടുംബജീവിതത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ആത്മീയ അനുഭവമാണ് ആത്മനിറവ് ഉള്ള ജീവിതം എന്നാണ്. ആത്മനിറവുള്ള ജീവിതത്തിൽ ആത്മാവിന്റെ ഫലം ഉണ്ടായിരിക്കും. ഈ ഫലങ്ങളിൽക്കൂടെയാണ് ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആത്മനിറവും ആത്മനിയന്ത്രണവും ഉണ്ടോ എന്നു മനസ്സിലാക്കാൻ സാധിക്കുന്നത്.

ആത്മാവിന്റെ ഫലമായി 9 സ്വഭാവ-മനോഭാവ-പെരുമാറ്റ സവിശേഷതകളാണ് വചനത്തിൽ കാണുന്നത്. ഇവ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്ന വിശിഷ്ട ഫലസമൃദ്ധിയാണ് (ഗലാത്യർ 5:22-23) ഇതോടൊത്ത് സങ്കീർത്തനങ്ങളും സ്തുതികളും ആത്മീയ ഗീതങ്ങളും മൂലം തമ്മിൽത്തമ്മിൽ ആശയവിനിമയം നടത്തിയും എപ്പോഴും ഹൃദയത്തിൽ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങൾ മൂലവും കർത്താവിനെ പാടി മഹത്ത്വപ്പെടുത്തിയും കൊണ്ട് എല്ലാറ്റിനുവേണ്ടിയും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കുന്ന ജീവിതമാണ് ആത്മനിറവിൻ ജീവിതം. ഇങ്ങനെ ജീവിക്കുന്ന ദമ്പതികൾക്കാണ് പ്രശ്നങ്ങളിൽ പരാജയപ്പെടാതെ ജീവിക്കാൻ സാധിക്കുക. അഥവാ പരായപ്പെട്ടുപോകാവുന്ന സന്ദർഭങ്ങൾ ഉണ്ടായാലും തുടർമാനമായ ആത്മനിറവിൻ ജീവിതഫലമായി പ്രശ്നങ്ങളെയും പ്രയാസങ്ങളെയും തരണം ചെയ്യാൻ അവർക്ക് സാധിക്കും.

ദമ്പതികൾക്ക് വചനത്തിലെ പ്രമാണമനുസരിച്ച് അന്യോന്യ മുണ്ടായിരിക്കേണ്ട ബന്ധവും നല്ല പെരുമാറ്റവും സ്വഭാവവും കുറഞ്ഞുവരുകയോ ഇല്ലാതിരിക്കയോ ചെയ്യുമ്പോൾ ആത്മനിറവും ആത്മശക്തിയും അവർക്കു കുറഞ്ഞുവരുന്നു എന്നു കാണാവുന്നതാണ്. സ്വയശോധനയിൽക്കൂടി ആത്മസഹായത്താൽ ഇതു മനസ്സിലാക്കാം. സ്വയശോധന തുടർമാനമായി അനുഷ്ഠിക്കേണ്ട ഒരു ആത്മീയ സ്വയശുദ്ധീകരണത്തിന്റെ ആരംഭപടി ആണല്ലോ. ഇക്കാര്യം 1 കൊരിന്ത്യർ 11:28; 2 കൊരിന്ത്യർ 13:5; വിലാപങ്ങൾ 3:14; സദൃശ വാക്യങ്ങൾ 28:13; 1 ശമൂവേൽ 7:6; നെഹെമ്യാവ് 9:12; ദാനിയേൽ 9:3-19; സങ്കീർത്തനം 32:5, 38:18; യാക്കോബ് 5:16; 1 യോഹന്നാൻ 1:9 തുടങ്ങിയ ഭാഗങ്ങളിൽ എല്ലാ വിശ്വാസികളോടും ഉദ്ബോധിപ്പിക്കുന്നു. എന്നാൽ സ്വയശോധന ചെയ്യുന്നവർക്കു മാത്രമേ കുറവുകൾ കാണുവാനും അത് ഏറ്റു പറയുവാനും സാധിക്കുകയുള്ളൂ. ഏറ്റുപറയുമ്പോൾ നാം ആ

പാപങ്ങളുടെയും കുറവുകളുടെയും ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുകയും സംഭവിച്ച പരാജയത്തിനായി ദൈവത്തോട് മനഃപൂർവ്വമായി ക്ഷമ യാചിക്കുകയും ചെയ്യുവാൻ വചനം ആഹ്വാനം ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു മാനസാന്തരത്താൽ മാത്രമേ പാപക്ഷമ ലഭിക്കുകയുള്ളൂ. അങ്ങനെ നാം ആത്മീയമായി യഥാസ്ഥാനപ്പെടുകയും നമ്മുടെ പാപംമൂലം മുറിഞ്ഞുപോയ ദൈവിക കൂട്ടായ്മയിലേക്കു തിരിച്ചെത്തുകയും ചെയ്യും.

ഇപ്രകാരം ദൈവിക കൂട്ടായ്മയിൽ തിരിച്ചെത്തുന്ന, അഥവാ യഥാസ്ഥാനപ്പെടുന്ന വിശ്വാസി ആത്മനിറവിനായി ആഴമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും വേണം. സങ്കീർത്തനം 51:10, 12, 15-17 തുടങ്ങിയ വാക്യങ്ങളിൽ ആത്മാവിന്റെ ആഴമായ പ്രവർത്തനം സ്വജീവിതത്തിൽ ഉണ്ടാകുവാനുള്ള അത്യുത്കടമായ വാഞ്ഛ നമുക്കു കാണാം. ഇത്തരം പ്രാർത്ഥനയാണ് ലൂക്കൊസ് 11:5-13 വരെയുള്ള ആത്മാർത്ഥവും ഏറ്റുപറച്ചിലിൽ അടിസ്ഥാനപ്പെട്ടതുമായ പ്രാർത്ഥനയായി കാണുന്നത്. അങ്ങനെ പ്രാർത്ഥിക്കുന്നവർക്കാണ് ആത്മാവിനാൽ നിറയുവാനും ആത്മശക്തി ധാരാളമായി ലഭിക്കുവാനും സാധിക്കുന്നത്. അതിനായി ദമ്പതികളും എല്ലാ വിശ്വാസികളും ജാഗരിക്കേണ്ടിയിരിക്കുന്നു (യെശ. 40:29,31).

ആത്മനിറവും ആത്മശക്തിയും കുറയുന്നു എന്ന് എങ്ങനെ മനസ്സിലാക്കാം? ജഡത്തിന്റെ പ്രവൃത്തി, സംഭാഷണം, പെരുമാറ്റം, മനോഭാവം ഇവ വർദ്ധിക്കുകയും അവ ഓരോ സാഹചര്യങ്ങൾക്കനുസരിച്ച് നമ്മിൽ രഹസ്യത്തിലും പരസ്യമായും വെളിപ്പെടുകയും ചെയ്യുമ്പോൾ ആത്മശക്തിക്ക് ചോർച്ചയുണ്ടായിട്ടുണ്ട് എന്നു നമുക്കും ജീവിതപങ്കാളിക്കും മനസ്സിലാകും. അപ്പോൾ സ്വയന്യായീകരണത്തിനും അതിനായി വാദപ്രതിവാദങ്ങൾക്കും മറ്റും ശ്രമിക്കാതെ, "ഏറ്റുപറച്ചിൽ - അനുതാപം-യഥാസ്ഥാനം-ആത്മനിറവിനായുള്ള ആഴമേറിയ വാഞ്ഛ-ആത്മനിറവിനായുള്ള പ്രാർത്ഥന-വിശ്വാസത്താൽ നിറവ് പ്രാപിക്ക" ഈ പടിപടിയായ പ്രക്രിയയിൽക്കൂടി നാം കടന്നുപോകേണ്ടിയിരിക്കുന്നു.

ഇതിനുവേറെ യാതൊരു കുറുക്കുവഴിയും ദൈവവചനത്തിൽ കാണാൻ കഴികയില്ല. ഏതെങ്കിലും യോഗത്തിൽ സംബന്ധിച്ചു എന്നതുകൊണ്ടോ പരസ്യമായ ആത്മീയ ശുശ്രൂഷയിൽ പങ്കെടുത്തതുകൊണ്ടോ തിരുവത്താഴത്തിൽ പങ്കെടുത്തതുകൊണ്ടോ നഷ്ടപ്പെട്ടുപോയ ആത്മനിറവ് തിരികെ ലഭിക്കയില്ല. നാം ദൈവത്തോടും മനുഷ്യരോടും നിരപ്പു പ്രാപിക്കേണ്ടിയിരിക്കുന്നു. ദൈവത്തോട് നിരപ്പു

*ശേഷം പേജ് 33 കാണുക*

# വിവേകവതിയായ മാതാവ്

കുടുംബജീവിതത്തിൽ സ്ത്രീക്ക് (മാതാവിന്) ഉള്ള കടമകളും, ഉത്തരവാദിത്തങ്ങളും വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്ന ഏകഗ്രന്ഥം ബൈബിൾ മാത്രമാണ്. ഭവനരൂപീകരണത്തിൽ സ്ത്രീകൾക്കുള്ള പങ്കും സ്ഥാനവും വളരെ വിലപ്പെട്ടതാണ്. സ്ത്രീയുടെ ശുശ്രൂഷയും പ്രധാനമായും ഭവനത്തിലാണു വിളങ്ങേണ്ടത്. സങ്കീ. 128:3 "നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്ത് ഫലപ്രദമായ മുന്തിരിവള്ളി" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇപ്രകാരം ഒരു സ്ത്രീ (ഭാര്യ) ആയിത്തീർന്നുവെങ്കിൽ മാത്രമേ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെ ഇരിക്കുവാൻ സാധിക്കുകയുള്ളൂ.

സ്ത്രീ ഭർത്താവിന് തക്കതുണയും കിരീടവുമായിരിക്കുമ്പോൾ തന്നെ മക്കൾക്കു മാതൃകയുള്ളതും, ഉപദേശം നല്കുന്ന വ്യക്തിയായിരിക്കണം. സദൃശ 1:8, 6:20, 31-ാം അദ്ധ്യായത്തിലും ഇതിന്റെ പ്രാധാന്യത വ്യക്തമാക്കുന്നു.

യിസ്രായേൽ ചരിത്രത്തിൽ പ്രധാനസ്ഥാനം അർഹിക്കുന്ന ഒരു വ്യക്തിയാണ് മോശെയുടെ മാതാവായ യോഖേബെദ്. പുറ. 6:20, സംഖ്യ 26:59, പുറ1:1-11, എബ്രാ 11:23 എന്നീ ഭാഗങ്ങളിൽ ഈ വ്യക്തിയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഇതിൽ 2 ഭാഗത്ത് തന്റെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 6:20, സംഖ്യ 26:59) മറ്റ് രണ്ടിടത്ത് പരോക്ഷമായും രേഖപ്പെടുത്തിയിരിക്കുന്നു. യോഖേബെദ് എന്ന വാക്കിന്- യഹോവയുടെ മഹത്ത്വം (യഹോവ നമ്മുടെ മഹത്ത്വമാകുന്നു) എന്നാണ് അർത്ഥം. യഹോവയായ ദൈവം തന്റെ മഹത്ത്വം ഈ വ്യക്തിയിലൂടെ വെളിപ്പെടുത്തിയ വിധം നമുക്ക് തിരുവചനത്തിൽ ദർശിക്കുവാൻ സാധിക്കും. എന്നാൽ ഈ കൃപായുഗത്തിൽ ദൈവികമഹത്ത്വം കുടുംബത്തിലും സഭയിലും സമൂഹത്തിലും പ്രസിദ്ധമാക്കുവാൻ ജാതികളായ നമ്മെയാണ് തിരഞ്ഞെടുത്തത്. തന്റെ രക്തത്താൽ വീണ്ടെടുത്ത് ഈ ഭൂമിയിൽ നിലനിർത്തിയിരിക്കുന്നത് (1 പത്രൊ. 1:18, 2:9). അതിൽ നമുക്കു വിശ്വസ്തരായിരിക്കാം അതിനായി പ്രവർത്തിക്കാം.

ലേവികുടുംബത്തിൽ ജനിച്ചതായ അമ്രാം തന്റെ പിതാവിന്റെ സഹോദരിയായ യോഖേബെദിനെ വിവാഹം കഴിച്ചു. സംഖ്യ 6:20

(ആ കാലത്ത് ഇങ്ങനെയുള്ള വിവാഹം അനുവദനീയമായിരുന്നു). അവർക്ക് അഹരോൻ, മിര്യാം, മോശെ എന്നിങ്ങനെ 3 മക്കൾ ജനിച്ചു. അവർ പിൽക്കാലങ്ങളിൽ അഹരോൻ പൗരോഹിത്യത്തിന്റെ പിതാവും അടിത്തറയായും, മിര്യാം യിസ്രായേലിന്റെ മധുരഗായിക, പ്രവാചകി, നടത്തിപ്പുകാരി എന്നീ നിലകളിലും മോശെ യിസ്രായേൽ മക്കളുടെ നേതാവും നടത്തിപ്പുകാരനുമായി തീരുവാൻ കാരണമായത് നിശ്ചയമായും ഈ മാതാവ് വിവേകത്തോടും പരിജ്ഞാനത്തോടും ദൈവിക നിയന്ത്രണത്തിലും അനുസരണത്തിലും വളർത്തിയതിനാലാണ്. തൽഫലമായി ഈ മക്കൾ 3 പേരും പരസ്പരം സ്നേഹത്തിലും ഐക്യത്തിലും ഒരുമയോടു ജീവിച്ചിരുന്നതെന്ന് ഇവരുടെ ചരിത്രം പഠിച്ചാൽ നമുക്കു മനസ്സിലാക്കാം (പുറ. 4:14–16, പുറ. 7:1,2). എന്നാൽ ഈ കാലഘട്ടങ്ങളിൽ സ്നേഹക്കൂടുതൽ കാരണം മക്കൾക്ക് എല്ലാ സ്വാതന്ത്ര്യങ്ങളും അനുവദിച്ചു കൊടുക്കുമ്പോൾ അവരെ വഴികേടുകളിലേക്കാണ് നാം നയിക്കുന്നത് എന്ന് ഓർക്കുക. തിരുവചനം പറയുന്നത് എഫെ. 6:4 "നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ". സദൃ 22:6– "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല എന്നാണ്. നമുക്കു നമ്മെ തന്നെ ശോധന ചെയ്യാം. നമ്മുടെ തലമുറയെ നേരായ പാതയിലേക്കു നയിക്കുവാൻ ദൈവം നമുക്കു കൃപ നല്കുമാറാകട്ടെ. സങ്കീ. 78:4.

പുറ 1:1–11 വരെയുള്ള വാക്യങ്ങൾ പഠിച്ചാൽ ഈ സ്ത്രീ അസാധാരണമായ ദൈവഭക്തിയും ദൈവത്തിൽ അടിയുറച്ച വിശ്വാസവുമുള്ളവളായിരുന്നുവെന്നു വ്യക്തമാകും. അവളുടെ വിവേകത്തോടുകൂടിയ പ്രവൃത്തിയുടെ ഫലമായിട്ടാണ് തങ്ങളുടെ ശത്രുവായ ഫറവോന്റെ കൈയ്യിൽ നിന്നും തന്റെ മകനെ ജീവനോടെ രക്ഷിപ്പാൻ കഴിഞ്ഞത്. അതിനായി അവൾ തിരഞ്ഞെടുത്ത രീതി പ്രശംസനീയമാണ്. തന്മൂലം ഈ കുടുംബത്തിന്റെ പേർ വിശ്വാസവീരന്മാരുടെ പട്ടികയിൽ വരുവാൻ കാരണമായി എബ്രാ. 11:23.

മിസ്രയീമിൽ എത്തപ്പെട്ട യിസ്രായേൽ മക്കൾ അവിടെ പെരുകി വന്ന സാഹചര്യത്തിൽ ഫറവോൻ അവരെ പീഡിപ്പിക്കുന്തോറും അവർ വർദ്ധിച്ച് പെരുകി ബലപ്പെട്ടപ്പോൾ അവരുടെ വംശവർദ്ധന തടയുന്നതിനായി പിറന്നു വീഴുന്ന എബ്രായരുടെ ആൺകുട്ടികളെയൊക്കെയും കൊന്നുകളവാനായി ശിപ്രാ, പൂവാ എന്ന രണ്ട് എബ്രായ സൂതികർമ്മിണികളെ (മിഡ് വൈഫ്) നിയോഗിച്ചു. എന്നാൽ അവർ ദൈവത്തെ ഭയപ്പെടുകയാൽ യിസ്രായേല്യ സ്ത്രീകളുടെ പ്രസവശയ്യ

യിൽ ആൺകുട്ടികളെ ജീവനോടെ രക്ഷിച്ചു. തന്മൂലം ദൈവം അവർക്ക് അനുഗ്രഹം (കുടംബ വർദ്ധന) നല്കി പുറ. 1:21. പ്രതികൂല സാഹചര്യങ്ങളിലും ദൈവത്തെ ഭയപ്പെട്ട്. പാപ പ്രവൃത്തികളെ വെടിഞ്ഞ് ദൈവ മഹത്ത്വത്തിനായി കല്പന അനുസരിച്ചാൽ നേടുവാൻ സാധിക്കുന്ന നന്മകളും അനുഗ്രഹങ്ങളും 112-ാം സങ്കീർത്തനത്തിലും, 128ലും വ്യക്തമായി മനസ്സിലാക്കാം. അതിനായി നമുക്കും പ്രയത്നിക്കാം.

ഇപ്രകാരമുള്ള ഭീഷണി നിലനില്ക്കുന്ന പ്രതികൂല സാഹചര്യത്തിലാണ് മോശെയുടെ ജനനം. ആൺകുഞ്ഞുങ്ങളെ നൈൽ നദിലെറിഞ്ഞു കളയാൻ കല്പന പുറപ്പെടുവിച്ചപ്പോൾ മോശെയുടെ മാതാവിന്റെ മാനസിക അവസ്ഥ ചിന്തിക്കുക. ആൺ കുഞ്ഞ് പിറന്നുവെന്നു പറഞ്ഞപ്പോഴുള്ള സന്തോഷവും അതിനെ നദിയിലെറിയുക എന്നുള്ള സംഘർഷാവസ്ഥയുമായപ്പോൾ വളരെ പ്രാർത്ഥനയോടും, വിവേകത്തോടും ധൈര്യത്തോടും കൂടി പ്രവർത്തിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അവൻ സൗന്ദര്യമുള്ളവൻ എന്ന് ബൈബിളിൽ 3 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. പുറ. 2:2, എബ്രാ 11:23 അപ്പൊ. 7:20-ൽ ദിവ്യസുന്ദരൻ എന്ന് എഴുതിയിരിക്കുന്നത് തന്റെ ദൈവിക സൗന്ദര്യത്തെ പ്രകീർത്തിക്കുന്നു.

ദൈവനിയോഗത്താൽ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായ മോശെയെ രക്ഷിക്കുവാൻ അവൾ തീരുമാനിച്ചു. 3 മാസം വീട്ടിനുള്ളിൽ പോറ്റിയത് ചിന്തനീയമാണ്. കുഞ്ഞിന്റെ കരച്ചിലും ശാഠ്യവും പുറത്തുകേൾക്കാതെ വളരെ സൂക്ഷ്മതയോടും ത്യാഗത്തോടുമാണ് പരിപാലിച്ചത്. അതിനു സാദ്ധ്യമാകാതെ വന്നപ്പോൾ അവൾ ഒരു ഞാങ്ങണ പെട്ടകം വാങ്ങി കീലും പശയും തേച്ച് പൈതലിനെ അതിൽ കിടത്തി. നദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വച്ചു. പുറ. 2:3. ഈ സമയം കുഞ്ഞിന് എന്തു ഭവിക്കുമെന്നറിയാൻ യോഖേബെദിന്റെ മൂത്തമകളായ മിര്യാം അവന്റെ സംരക്ഷണ ചുമതല ഏറ്റെടുത്തു. മാതാവിനെ അനുസരണമുള്ളതും തന്റെ സഹോദരനോടു സ്നേഹവും കരുതലുമുള്ള ഈ പെങ്ങൾ വളരെ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നതും സ്തുത്യർഹമാണ്.

ഈ സമയത്ത് ഫറവോന്റെ പുത്രി തോഴിമാരുമായി വരുമ്പോൾ ഞാങ്ങണ പെട്ടകത്തിൽ ഈ കുഞ്ഞിനെ കാണുമ്പോൾ അവൾക്ക് അതിനോട് അലിവുതോന്നി. അപ്പോൾ മിര്യാം അടുത്തുചെന്ന് വളരെ വിവേകത്തോടും താഴ്മയോടും ചോദിക്കുന്നു. ഈ പൈതലിന് മുല കൊടുക്കേണ്ടതിന് ഒരു എബ്രായ സ്ത്രീയെ കൊണ്ടുവരേണമോ?

അതിനു ഫറവോന്റെ പുത്രി സമ്മതം നല്കി. അവൾ ചെന്ന് തന്റെ അമ്മയായ യോഖേബെദിനെ വിളിച്ചു കൊണ്ടുവന്ന് അവന് പാൽകൊടുത്തു വളർത്തേണ്ട ചുമതല ശമ്പളത്തിന് അവൾ ഏറ്റെടുത്തു. അങ്ങനെ തന്റെ മകനെ വളർത്തുസമയത്ത് (ആ ചെറുപ്രായത്തിൽ) തന്നെ ജീവിക്കുന്ന ദൈവത്തെക്കുറിച്ചും തന്റെ സഹോദരങ്ങളും ദൈവത്തിന്റെ ജനമായ യിസ്രായേലിന്റെ കഷ്ടപ്പാടുകളും പറഞ്ഞു മനസ്സിലാക്കികൊടുത്തു. അത് പിൽക്കാലത്ത് തന്റെ (മോശെയുടെ) പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും വളരെ അനുഗ്രഹമായിരുന്നുവെന്നു കാണുന്നു. താൻ കൊട്ടാരത്തിൽ വളർന്നതായ സാഹചര്യത്തിൽ സകല വിദ്യകളും അഭ്യസിച്ചിരുന്നുവെങ്കിലും മാതാവിൽ നിന്നും പഠിച്ചതായ കാര്യങ്ങൾ ഒന്നും മറന്നു പോകാതെ പ്രാവർത്തികമാക്കുവാൻ തക്കവണ്ണം ദൈവം മോശെയെ ബലപ്പെടുത്തി.

ആകയാൽ സഹോദരിമാരായ നാം ഈ യോഖേബെദിനെപ്പോലെ ദൈവനാമമഹത്ത്വത്തിനായി നിലനില്ക്കുന്ന ഭാവി തലമുറയെ വാർത്തെടുക്കുവാൻ ദൈവം കൃപയും വിവേകം പരിജ്ഞാനവും നല്കുമാറാകട്ടെ. അതിനായി പ്രാർത്ഥനപൂർവ്വം പരിശ്രമിക്കാം. ദൈവം സഹായിക്കുമാറാകട്ടെ!

**സാറാമ്മ ശശി, കവിയൂർ**

---

*പേജ് 29 ന്റെ തുടർച്ച (പ്രശ്നങ്ങൾക്കുള്ള പരിഹാരം എവിടെ?)*

പ്രാപിച്ചുകഴിഞ്ഞാൽ നാം മൂലം (നമ്മുടെ പ്രവൃത്തികളോ വാക്കുകളോ ശരീരഭാഷമൂലമോ) മുറിപ്പെട്ടിരിക്കുന്ന ജീവിതപങ്കാളിയോടും നിരപ്പു പ്രാപിക്കേണ്ട ഉത്തരവാദിത്തവും ദമ്പതികൾക്കുണ്ട്. കുടുംബജീവിതത്തിലെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും പരാജയങ്ങൾക്കും ഇത്തരത്തിലുള്ള ആത്മീയ പരിഹാരമാണ് ദൈവവചനം നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നത്. നമ്മിൽ നിന്നും പൂർണ്ണ അനുസരണവും യഥാസ്ഥാനവും ദൈവവചനം ആവശ്യപ്പെടുന്നു (1 ശമുവേൽ 15:22).

ഏറ്റുപറച്ചിലും അനുതാപവും തദ്വാരാ ലഭിക്കുന്ന ആത്മനിറവും മൂലം കുടുംബജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ ദമ്പതികളെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നു. ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവരും ഈ സത്യങ്ങൾ തങ്ങളുടെ കുടുംബജീവിത വിജയത്തിനായി മനസ്സിലാക്കുകയും അതിനായി മനസ്സൊരുക്കം ഉള്ളവരായിത്തീരുകയും ചെയ്യേണ്ടിയിരിക്കുന്നു.

**ഡോ. ഉമ്മൻ ഫിലിപ്പ്**

# ശിഷ്യത്വം മറന്ന ക്രൈസ്തവർ

യേശുക്രിസ്തു പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പഠിപ്പിക്കുകയും അവൻ പഠിച്ചത് മറ്റുള്ളവരെ പഠിപ്പിക്കുവാൻ ആഹ്വാനം ചെയ്യുകയും അഥവാ കല്പിക്കുകയും ചെയ്തു. ലോകത്താകമാനം യേശുവിന്റെ ശിഷ്യപരമ്പര ഉണ്ടാകണമെന്നും കല്പിച്ച് ശിഷ്യരെ അധികാരപ്പെടുത്തി അയച്ചു. പരമഗുരുവിന്റെ കല്പന ശിരസ്സാവഹിച്ച ശിഷ്യർ പ്രതിബന്ധങ്ങളെ മറികടന്നു. അവർ എത്തിയ സ്ഥലങ്ങളിൽ യേശുവിന്റെ ഉപദേശങ്ങൾ പഠിപ്പിച്ച് ശിഷ്യരാക്കി. അവർ പോകുന്ന സ്ഥലങ്ങളിൽ ശിഷ്യരാകുന്നവരെ സ്നാനപ്പെടുത്തുവാനും യേശു കല്പിച്ചു. ഒന്നാം നൂറ്റാണ്ടിലെ അഥവാ അപ്പൊസ്തലിക കാലത്ത് യേശുവിന്റെ ശിഷ്യന്മാരായ അപ്പൊസ്തലന്മാരുടെ സുവിശേഷീകരണം ശിഷ്യത്വ പരീശീലനമായിരുന്നു. സഭ സ്ഥാപിക്കുവാൻ യേശു ശിഷ്യന്മാർക്ക് കല്പന കൊടുത്തില്ല. “ഞാൻ എന്റെ സഭയെ പണിയും” എന്നാണ് യേശു പറഞ്ഞത് (മത്തായി. 16:18).

അപ്പൊസ്തലന്മാർ എത്തിയ സ്ഥലങ്ങളിൽ അവരെ കൈക്കൊണ്ട്, അവരുടെ ഉപദേശം കേട്ട് ശിഷ്യരായവരെ കർത്താവ് സഭയോട് ചേർക്കുകയായിരുന്നു. “രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (അ.പ്ര. 2:47). യേശു സഭയെ പണിയും എന്നു പറയുകയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നുകൂടി പറഞ്ഞത് യേശുവിന്റെ സഭയോട് പാതാളം മത്സരിച്ച് പരാജയപ്പെടും എന്നാണ്. “gates of hell” പാതാള ഗോപുരങ്ങൾ എന്നു മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. യെരുശലേം ദൈവാലയത്തിന്റെ ഗോപുരങ്ങൾ യെഹൂദന്മാർക്ക് സുപരിചിതമായിരുന്നതുകൊണ്ട് കർത്താവ് ആലങ്കാരികമായി പറയുകയായിരുന്നു. യേശുവിന്റെ സഭയുടെ പ്രതിയോഗി പാതാളഗോപുരങ്ങളാണെന്നു വ്യക്തമാക്കുകയായിരുന്നു.

“ആ കാലത്ത് ശിഷ്യന്മാർ പെരുകി” (അ. പ്ര.6:1) “യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി” (അ.പ്ര.6:7). ആദിമ സഭയുടെ അംഗങ്ങളെ ശിഷ്യന്മാർ എന്നാണ് പറഞ്ഞിരിക്കുന്നത്. “ആദ്യമായി അന്ത്യോക്യയിൽ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി (അ.പ്ര. 11:26). എ.ഡി. ഒന്നാം നൂറ്റാണ്ടിൽ രൂപം കൊണ്ട

സഭകൾ യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ശിഷ്യരായിരുന്നു എന്നു വ്യക്തമാണ്. ക്രിസ്തു ശിഷ്യന്മാരുടെ വിശ്വാസ സംഹിതയും അവരുടെ ജീവിതചര്യയേയും ക്രൈസ്തവികത എന്നല്ലാതെ ക്രിസ്തു മതം എന്നു വിശേഷിപ്പിക്കുന്നത് വസ്തുതാപരമായ പിശകാണെങ്കിലും പൊതുബോധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടുപോയി.

"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും, സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊ. 16:15) എന്ന കർത്താവിന്റെ കല്പനയുടെ അധികാരത്താൽ ലോകത്തെവിടെയും എത്തിച്ചേരാൻ അപ്പൊസ്തലന്മാർക്ക് കഴിയുമായിരുന്നു. അവർ എത്തിയ സ്ഥലങ്ങളിൽ രൂപം കൊണ്ട ശിഷ്യരുടെ കൂട്ടായ്മകൾ അവരുടെ ഭവനങ്ങളിൽ ആരാധന നടത്തി വന്നു. ഏഷ്യയിലെ ഏഴ് സഭകൾ അതിനുദാഹരണമാണ്. തോമസ് അപ്പൊസ്തലൻ മലങ്കരയിൽ എത്തി എന്നത് ചരിത്ര വസ്തുതയാണെങ്കിൽ ഇവിടെയും അദ്ദേഹത്തിന്റെ ശിഷ്യരും യെരുശലേം സഭയുടെ മാതൃകയിലുള്ള കൂട്ടായ്മകളും ആരാധനാ രീതികളുമാണ് ഉണ്ടാകേണ്ടിയിരുന്നത്. എന്നാൽ പുരാതന മലങ്കര സഭാചരിത്ര രചനകളിലൊന്നിലും തോമാശ്ശീഹായുടെ ശിഷ്യ പരമ്പരകളെക്കുറിച്ച് ഒരു പരാമർശവുമില്ല. നേരെമറിച്ച് പള്ളികൾ നിർമ്മിച്ചതായും അമ്പലം പള്ളിയാക്കിയതായും കുരിശു നാട്ടിയതായും നമ്പൂതിരി കുടുംബങ്ങൾക്ക് പട്ടം കൊടുത്തതായുമുള്ള വിവരണങ്ങളാണ് മലങ്കര സഭാ ചരിത്രരചനകളിൽ നിറഞ്ഞുനില്ക്കുന്നത്. തോമാശ്ലീഹ തന്റെ ശിഷ്യത്വ പരിശീലന സുവിശേഷീകരണത്തിനു വിരുദ്ധമായി പ്രവർത്തിച്ച് എന്നും കരുതാനാവില്ല. അതെല്ലാം പിൽക്കാലത്തു മലങ്കര സഭാ ചരിത്രകാരന്മാർ അദ്ദേഹത്തിനു ചാർത്തിക്കൊടുത്തതാണ്. ഒറ്റനോട്ടത്തിൽ പുരാതന മലങ്കര സഭാചരിത്രത്തിൽ പ്രകടമായിക്കാണുന്നത് പാതാളഗോപുരങ്ങളുടെ വിജയമാണ്.

എളിമയുടെ കുലപതിയായി കാലിത്തൊഴുത്തിൽ പിറന്ന വലിയ ഇടയന്റെ ശിഷ്യപരമ്പര അജപാലനത്തിനായി ഗ്രാമങ്ങളിലും വനാന്തരങ്ങളിലും പുൽമേടുകളിലും താഴ്വരകളിലും സഞ്ചരിച്ച് കൂടാരങ്ങളിലും ഗുഹകളിലും പാർത്ത്; തങ്ങളുടെ പാദം കഴുകി മാതൃകകാട്ടിയ മഹാഗുരുവിന്റെ സന്ദേശം പ്രചരിപ്പിച്ച്, കാലയവനികയ്ക്കുള്ളിൽ മറഞ്ഞതാണ് സഭാചരിത്രം. എന്നാൽ അജപാലനത്തിന്റെ പേരിൽ അരമനകളിലും പള്ളിമേടകളിലും അന്തിയുറങ്ങിയ പുരോഹിതവർഗ്ഗം ശിഷ്യത്വപരിശീലനം വിട്ട് കൂദാശകളുടെ വ്യാപാരികളായി അധഃപതിച്ചു. "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ" ചെയ്വീൻ (കൊലൊ. 3:17) എന്ന

കല്പന മറന്നു പുണ്യവാളന്മാരുടെ നാമങ്ങൾ കൊത്തിയ ഫലകങ്ങൾ സ്ഥാപിച്ച് കാണിക്കപ്പെട്ടി നിറയ്ക്കാൻ മത്സരിച്ചു. യേശു തന്റെ ശിഷ്യരെ പഠിപ്പിച്ച സ്നേഹത്തിനും പരിപാലനത്തിനും പകരം ഭരണ സംവിധാനവും ഭരണാധികാരികളും നിലവിൽ വന്നു. ഇടവകപ്പട്ടക്കാരനെ നരകത്തിൽ വച്ചു കണ്ട് അന്ധാളിച്ചുപോയ കപ്യാര് അയ്യോ അച്ചൻ നരകത്തിലോ എന്ന് ഉറക്കെ ചോദിച്ചപ്പോൾ, കപ്യാരേ പതിയെപ്പറ മെത്രാൻ അപ്പുറത്തു കിടപ്പുണ്ടെന്നു അച്ചൻ പറഞ്ഞ കഥ ഭാവനയാണെങ്കിലും കുരിശും പിടിച്ച് നരകത്തിലേക്ക് നടക്കുന്ന പുരുഷാരത്തിന്റെ നടുക്കുന്ന ചിത്രം അതിൽ നിഴലിക്കുന്നുണ്ട്.

**പാസ്റ്റർ എ. ജെ. ജോൺ, കൊഴുവല്ലൂർ**

## Quest 91 - ന്റെ ശരി ഉത്തരങ്ങൾ

1. മാഖീരിന് (സംഖ്യ. 32:40)
2. എലെയാസർ (സംഖ്യ 20:28)
3. ലേവി ഗോത്രം (സംഖ്യ 1:47)
4. യെഫുന്ന (സംഖ്യ 13:6)
5. നാദാബ് (സംഖ്യ 3:2)
6. അമാലേക് (സംഖ്യ 24:20)
7. അഹരോന്റെ വടി (സംഖ്യ 17:10)
8. 16,750 ശേക്കെൽ (സംഖ്യ 31:52)
9. പാരാൻ മരുഭൂമിയിൽ നിന്ന് (സംഖ്യ 13:3)
10. 14,700 പേർ (സംഖ്യ 16:49)
11. അമോര്യരുടെ രാജാവായ സീഹോന്റെ നഗരം (സംഖ്യ 21:26)
12. മൂന്ന് പ്രാവശ്യം (സംഖ്യ 22:28)
13. ആറ് (സംഖ്യ 35:6)
14. എലീശാമാ (സംഖ്യ 2:18)
15. ഏലീം (സംഖ്യ 33:9)
16. നീലച്ചരട് (സംഖ്യ 15:38)
17. മൂന്നാം ദിവസവും, ഏഴാം ദിവസവും (സംഖ്യ 19:12)
18. ലേവ്യർക്കു (സംഖ്യ 18:24)
19. എൽദാദ്, മേദാദ് (സംഖ്യ 11:26)
20. രെയൂവേൽ (സംഖ്യ 10:29)

*“നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ”*

(റോമർ 8:17)

# Good News Ministries Distinguished Writer's Awards

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പ്രസിദ്ധീകരണങ്ങളായ ക്രൈസ്തവ വനിത, ഗുഡ് ന്യൂസ് അപ്ഡേറ്റ് തുടങ്ങിയ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങൾ സംഭാവന ചെയ്തിട്ടുള്ള **ശ്രീമതി ജെസ്സി ബെൻസെൻ** അവർകൾക്ക് ഗുഡ് ന്യൂസ് മിനിസ്ട്രീസിന്റെ പേരിൽ പ്രശംസാ പത്രം നല്കി ആദരിക്കുകയുണ്ടായി.





ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പ്രസിദ്ധീകരണങ്ങളായ ക്രൈസ്തവ വനിത, ഗുഡ് ന്യൂസ് അപ്ഡേറ്റ് തുടങ്ങിയ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങൾ സംഭാവന ചെയ്തിട്ടുള്ള **ശ്രീമതി എൽസി ബേബി** അവർകൾക്ക് ഗുഡ് ന്യൂസ് മിനിസ്ട്രീസിന്റെ പേരിൽ പ്രശംസാ പത്രം നല്കി ആദരിക്കുകയുണ്ടായി.

BIBLE QUIZ

(ഈ ലക്കം Quest 92 -ലെ ചോദ്യങ്ങൾ ആവർത്തന പുസ്തകത്തിൽ നിന്നുമാണ്)

1. ബിലെയാമിന്റെ അപ്പന്റെ പേര് എന്ത്?
2. അഹരോനു ശേഷം പുരോഹിതനായത് ആര്?
3. പെസഹാ കൊണ്ടാടേണ്ടത് ഏത് മാസം?
4. ലേവിഗോത്രത്തിന്റെ ഉപജീവനമാർഗ്ഗമെന്ത്?
5. രൂബേന്റെ മകന്റെ പേര് എന്ത്?
6. ജനത്തെ അനുഗ്രഹിപ്പാൻ ഏത് പർവ്വതത്തിന്റെ മുകളിൽ നില്ക്കാനാണ് മോശെ കല്പിച്ചത്?
7. എങ്ങനെയുള്ള കാളകളെയും ആടുകളെയുമാണ് യഹോവയ്ക്ക് യാഗം കഴിക്കാൻ പാടില്ലാത്തത്?
8. എന്തിനുവേണ്ടിയാണ് യഹോവ ഭൂതലത്തിലുള്ള സകല ജാതികളിലും വച്ച് യിസ്രായേൽ മക്കളെ തിരഞ്ഞെടുത്തത്?
9. ഒരു പട്ടണത്തോട് യുദ്ധം ചെയ്യാൻ അടുത്തു ചെല്ലുമ്പോൾ എന്ത് വിളിച്ച് പറയണം?
10. ദൈവം യിസ്രായേലിനെ എത്ര സംവത്സരം മരുഭൂമിയിൽ കൂടി നടത്തി?
11. ഏഴേഴു ആണ്ടു കൂടുമ്പോൾ ആചരിക്കേണ്ട കാര്യമെന്ത്?
12. വചനം അടയാളമായി കെട്ടേണ്ടത് എവിടെയാണ്?
13. സീഹോനെയും ഓഗിനെയും എവിടെവച്ചാണ് സംഹരിച്ചത്?
14. നിയമത്തിന്റെ പലകയായ കല്പലക വാങ്ങുവാൻ മോശെ എത്ര ദിവസം പർവ്വതത്തിൽ താമസിച്ചു?
15. മോശെ ഏത് മലമുകളിൽ വച്ചാണ് അവകാശഭൂമി നോക്കി കണ്ടത്?
16. എത്ര ദിവസം അദ്ധ്വാനിച്ച് വേല ചെയ്യുവാനാണ് ദൈവം യിസ്രായേലിനോട് പറഞ്ഞത്?
17. ഏശാവിന് അവകാശമായി ലഭിച്ച പർവ്വതമേത്?
18. അവൻ യഹോവയ്ക്ക് പ്രിയൻ. ആര്?
19. മനശ്ശെക്കു കൊടുത്ത സങ്കേത നഗരമേത്?
20. ബാശാനു പറയുന്ന മറ്റൊരു പേരെന്ത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 92–ന്റെ ഉത്തരങ്ങൾ 2023 ഡിസംബർ 30–നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വാട്ട്സ് ആപ്പ് നമ്പർ : 9087144349

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11

Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11